# വേർപാട്

011

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി
നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം

## സ്ത്രീ വിമോചനവും
### വേർപാടു സഭകളും



ബ്രദറൺ റിസർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരണം

# വേർപാട്

വാർത്താ പത്രിക



## എഡിറ്റോറിയൽ ടീം
EDITORIAL TEAM


**ചീഫ് എഡിറ്റർ**

ഡോ. ജോൺസൺ സി. ഫിലിപ്പ്

**മാനേജിംഗ് എഡിറ്റർ**

ഡോ. സനീഷ് ചെറിയാൻ

**എഡിറ്റോറിയൽ ബോർഡ്**

1. സ്കറിയ വർഗീസ്
2. ഏബ്രഹാം തോമസ്, കൊച്ചി
3. പി.ഇ. സാംകുട്ടി
4. അലക്സാണ്ടർ കോശി

**ഓവർസീസ് എഡിറ്റോറിയൽ ബോർഡ്**

ഡോ. സണ്ണി എഴുമറ്റൂർ, യു.എസ്.എ.
ഡോ. കെ.എം. ശമുവേൽ, കെനിയ
നോയൽ ഡാനിയേൽ, യു.എസ്.എ.
ജോൺ ഏബ്രഹാം, ദുബായ്

**സർക്കുലേഷൻ മാനേജർ**

ജിജോ സി. ജോർജ്ജ്

**ഡിസൈൻ & ലേ ഔട്ട്**
ലോഗോസ് മീഡിയ

**പ്രിന്റിംഗ്**

മാപ്തോ പ്രിന്റിംഗ്സ്, കളമശ്ശേരി

**ഡോക്ട്രിനൽ അഡ്വൈസറി ബോർഡ്**

1. കെ.എ. ഫിലിപ്പ്
2. ഫിലിപ്പ് ഏബ്രഹാം
3. ഇ.ജെ. പൈലി
4. പി.പി. ജോർജ്ജ്
5. ജോർജ്ജ് പീറ്റർ
6. എം.സി. ജോർജ്ജ്
7. ജോസ് മാങ്കുടി
8. എസ്.കെ. ഡേവിഡ്
9. കെ.വി. ഐസക്
10. വി.എം. പോൾ
11. കെ. ഗോപിനാഥൻ
12. ഡോ. പി.എം. ജോർജ്ജ്കുട്ടി
13. പ്രൊഫ. മാത്യൂസ് ഏബ്രഹാം
14. സി.ഒ. ഡേവീസ്
15. റെജി. കെ. തോമസ്

**മീഡിയ കൺസൾട്ടന്റ്സ്**

1. ഫിലിപ്പ് കെ. ആൻഡ്രൂസ്
2. ജോൺ സെബാസ്റ്റ്യൻ
3. പ്രമോദ് തോമസ്
4. സജി ഇടിക്കുള
5. റെജി കെ. പോൾ

**മാനേജിംഗ് കമ്മിറ്റി**

1. ഡോ. ബഞ്ചമിൻ ഏബ്രഹാം
2. വിക്ടർ ജോർജ്ജ് കുര്യാക്കോസ്
3. സാമുവേൽ പി. വർക്കി
4. രഞ്ജിത്ത് കുമാർ
5. വർക്കി ജോർജ്ജ്
6. രാജു കെ. തോമസ്
7. തോംസൺ കെ. പോൾ


**വാർത്തകളും കത്തുകളും അയക്കേണ്ട വിലാസം**


**Saneesh Cherian,** Logos Bhavan
Maneed P.O., Ernakulam 686726, Kerala
Mob : 9497479976
E-mail : BrethrenAssemblyNews@gmail.com
Website : www.BrethrenAssemblyNews.com


## താങ്കൾക്കും പങ്കാളിയാകാം




വേർപാടു സഭകളുടെ നന്മയും ആത്മീകാഭിവൃദ്ധിയും മാത്രം ലക്ഷ്യമാക്കി വിശ്വാസത്താൽ നടത്തപ്പെടുന്ന ഒരു ആത്മീക ശുശ്രൂഷയാണ് വേർപാട് വാർത്താ പത്രിക. ഈ പ്രസിദ്ധീകരണം സൗജന്യമായാണ് ദൈവജനത്തിനു ലഭിക്കുന്നത്. ഒരു വർഷം ഈ പ്രസിദ്ധീകരണം താങ്കൾക്കു അയച്ചു തരുന്നതിന് 100 രൂപ ചെലവുണ്ട്. ഈ പ്രസിദ്ധീകരണത്തിന്റെ സുഗമമായ പ്രവർത്തനത്തിന് സ്വമേധാ ദാനങ്ങൾ അയച്ചു തന്നാൽ രസീത് അയച്ചു തരുന്നതും വർഷാവസാനം റിപ്പോർട്ടു നൽകുന്നതുമാണ്. സംഭാവനകൾ അയക്കുന്നവർ സനീഷ് ചെറിയാൻ എന്ന പേരിൽ അയച്ചാലും. വേർപാടു വാർത്താപത്രിക താങ്കൾക്കു ഇഷ്ടപ്പെട്ടു എന്നു ഞങ്ങൾ കരുതുന്നു. തുടർന്നും ലഭിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ഞങ്ങൾക്കെഴുതുക.

വേർപാട്


അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം

Volume 11 April 2012


## ഉള്ളടക്കം


സഹോദരിമാർ സഭയിൽ 02

നിങ്ങൾ മരിക്കയില്ല നിശ്ചയം 03



നിങ്ങളുടെ യുവതികൾ നൃത്തം ചെയ്യട്ടെ 05

വേർപാട് ന്യൂസ് 07

പുതിയ നിയമസഭയിൽ സ്ത്രീകൾക്ക് ഏതെല്ലാം ശുശ്രൂഷകൾ ചെയ്യാം? 11

വേർപാട് വ്യക്തിമുദ്രകൾ സി.എ. ശമുവേൽ 13

വേദവിജ്ഞാനം പുറപ്പാട് പുസ്തകം 15




### എഡിറ്റോറിയൽ

# കണക്കു ബോധിപ്പിക്കേണ്ടി വരും



**ദൈ**വജനം പല നിലകളിൽ കർത്താവിനോട് കടപ്പെട്ടവരാണ്. കർത്താവ് നമ്മെ ഭരമേല്പ്പിച്ച കാര്യങ്ങളുടെ കണക്കു ബോധിപ്പിക്കേണ്ട ഒരു നാൾ ആസന്നമായിരിക്കുന്നു എന്നു തിരുവെഴുത്തു ഓർപ്പിക്കുന്നു. നമുക്കു ലഭിച്ചിരിക്കുന്ന സമയം, പണം, കഴിവുകൾ എന്നിവ എങ്ങനെ വിനിയോഗിച്ചുവെന്നതിന്റെ കൃത്യമായ കണക്കു നാം ബോധിപ്പിച്ചേ മതിയാകൂ.

ദൈവനാമമഹത്വത്തിനു വേണ്ടി പ്രയോജനപ്പെടുത്തുവാൻ നമുക്കു നൽകിയ സമയം നാം മറ്റു കാര്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചാൽ സമയത്തിന്റെ കണക്കു കൊടുക്കേണ്ടിവരും. ആകയാൽ നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതംമ നസ്സിലാക്കിസ മയം തക്കത്തിൽ ഉപയോഗിക്കുവാൻ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ദൈവം തന്റെ ജനത്തിലൂടെ നൽകിയതും ദൈവനാമമഹത്വത്തിനു വേണ്ടി ഉപയോഗിക്കേണ്ടതുമായ പണം നാം വേറെ കാര്യങ്ങൾക്കായി ഉപയോഗിച്ചാൽ കണക്കു ബോധിപ്പിക്കേണം. ദൈവജനം ആത്മീകശുശ്രൂഷയ്ക്കായി നൽകുന്ന പണം ദൈവജനത്തിനിടയിൽ ഭിന്നത ഉണ്ടാക്കുവാനും ദൈവനാമം ദുഷിക്കത്തക്ക നിലയിലും ഉപയോഗിച്ചാൽ നാം കണക്കു ബോധിപ്പിക്കേണ്ടിവരുമെന്ന കാര്യം വിസ്മരിച്ചുകൂടാ.

ദൈവനാമമഹത്വത്തിനും സ്ഥലം സഭകളുടെ ആത്മീക അഭിവൃദ്ധിക്കുമായി നൽകപ്പെട്ട കഴിവുകൾ, നേരേ വിപരീതമായ നിലയിൽ ഉപയോഗിക്കയോ അലക്ഷ്യമാക്കികളയുകയോ ചെയ്താൽ നാം കണക്കു ബോധിപ്പിക്കേണ്ടിവരും എന്നു ഓർക്കേണ്ടതാണ്.

നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന്റെ മുമ്പാകെ നിൽക്കേണ്ടിവരും. ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടിവരും” (റോ. 14:10,12)

**ഡോ. ജോൺസൺ സി. ഫിലിപ്പ്**

# സഹോദരിമാർ സഭയിൽ



നോയൽ ഡാനിയേൽ

**കൊ**രിന്തു സഭയിൽ ഉണ്ടായിരുന്ന പല ക്രമക്കേടുകളും ദുർവിനിയോഗങ്ങളും ദൈവാത്മാവ് തിരുത്തി കൊടുക്കുന്നു. മൂടുപടമില്ലാതെ പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്ന ഏതു സ്ത്രീയും' എന്ന് പറഞ്ഞിരിക്കുന്നതിൽ നിന്നും സ്ത്രീകൾക്ക് സഭായോഗങ്ങളിൽ സംസാരിക്കുവാൻ (പഠിപ്പിക്കുവാൻ) പൗലോസ് അനുവാദം കൊടുക്കുന്നു എന്ന ചിന്ത ചിലർക്ക് ഉണ്ടാകുവാൻ സാധ്യതയുണ്ട്.

ജാതികളിൽ നിന്നും വന്ന സ്ത്രീകൾ ക്രൈസ്തവ സഭ നൽകിയ സ്വാതന്ത്ര്യത്തെ ദുർവിനിയോഗം ചെയ്തതു കൊണ്ട് അപ്പൊസ്തലനായ പൗലൊസ് സ്ത്രീകളോട് സഭയിൽ കീഴടങ്ങിയിരിക്കുവാനും സംസാരിക്കാതിരിക്കുവാനും നിഷ്കർഷിക്കുന്നു. "വിശുദ്ധന്മാരുടെ സർവ്വസഭകളിലും എന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ; ന്യായപ്രമാണം പറയുന്നതു പോലെ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്ക് അനുവാദമില്ല. അവർ വല്ലതും പഠിപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ വീട്ടിൽ വച്ച് ഭർത്താക്കന്മാരോട് ചോദിച്ചുകൊള്ളട്ടെ. സ്ത്രീ സഭയിൽ സംസാരിക്കുന്നത് അനുചിതമല്ലോ" (14:34–35). "സ്ത്രീ മൗനമായിരുന്നു പൂർണ്ണാനുസരണത്തോടു കൂടെ പഠിക്കട്ടെ. മൗനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല." (1 തിമൊ 2:12–13) (GK sigatosan = let them be silent). It is not permitted to them to speak. It is a shame for a woman to speak. (GK lalein) in assembly.

1 തിമൊ 2:11 –14 വരെയുള്ള വാക്യങ്ങളിൽ സഹോദരിമാരായ വിശ്വാസികളോട് മൗനമായിരുന്ന് പൂർണ്ണാനുസരണത്തോടും കൂടെ പഠിക്കുവാൻ (en hisuchia, in silence) ദൈവാത്മാവിന്റെ നിയോഗമനുസരിച്ച് പൗലോസ് കല്പിക്കുന്നു. അതിന് രണ്ട് കാരണങ്ങൾ ഉണ്ട്; സൃഷ്ടിയും വീഴ്ചയും. ഒന്ന് ആദ്യം ആദാം നിർമ്മിക്കപ്പെട്ടു. അതുകൊണ്ട് പുരുഷനാണ് അധികാരം. രണ്ടാമത് ആദാം അല്ല, സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടതു. സാത്താൻ സ്ത്രീയെ പരീക്ഷിച്ചപ്പോൾ വഞ്ചനയിൽ അകപ്പെട്ടതിനാൽ അവൾക്ക് നേതൃത്വം കൊടുക്കുവാൻ കഴിവില്ലെന്ന് തെളിഞ്ഞു. തന്റെ ഭാര്യയുടെ നേതൃത്വത്തെ അനുസരിക്കുവാൻ ആദാം നിർബന്ധിതനായി. അപ്പോൾ പുരുഷന്മാരേക്കാൾ വേഗം വഞ്ചനയിൽ അകപ്പെടുവാൻ സാധ്യതയുള്ളത് സ്ത്രീകൾക്കായതു കൊണ്ട് അവർ സഭയിൽ വചനം പഠിപ്പിക്കുവാൻ എഴുന്നേറ്റാൽ ദുരുപദേശം കൂടുവാൻ സാധ്യതയുണ്ടെന്നല്ലേ ദൈവാത്മാവ് പറയുന്നത്? ഉദാഹരണമായി, തുയഥൈര സഭയിൽ ദുർന്നടപ്പ് ആചരിക്കുവാനും വിഗ്രഹാർപ്പിതം തിന്നുവാനും ദൈവത്തിന്റെ ദാസന്മാരെ ഉപദേശിക്കുകയും തെറ്റിച്ചുകളയുകയും ചെയ്യുന്ന ഈസബേൽ എന്ന സ്ത്രീയെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നു. (വെളി 2:20)

ജർമ്മൻ വേദപണ്ഡിതനായ വേണർ ന്യൂയർ അഭിപ്രായപ്പെടുന്നു. "വീഴ്ചയിൽ ദൈവത്തോടുള്ള മത്സരമ നോഭാവംമ ാത്രമല്ല,െ ദെവീക( കമത്തിലുള്ള പുരുഷന്റെയും സ്ത്രീയുടെയും അധികാരസ്ഥാനത്തെ ഒരു വശത്തേക്ക് നീക്കി വെച്ചതിന്റെ തെളിവും വ്യക്തമാക്കുന്നു." സ്ത്രീകൾ പുരുഷന്മാരെ ഭരിക്കുന്നത് ദൈവീക ന്യായവിധിയെ കാണിക്കുന്നുവെന്ന് യെശയ്യാവ് വളരെ ഖണ്ഡിതമായി പറയുന്നു. "സ്ത്രീകൾ അവരെ വാഴുന്നു; എന്റെ ജനമേ, നിന്നെ നടത്തുന്നവർ നിന്നെ വഴിതെറ്റിക്കുന്നു; നീ

> ദൈവത്തിന്റെ മുമ്പാകെ ആത്മീയമായി ആണും പെണ്ണും എന്ന വ്യത്യാസമില്ലെങ്കിലും പാപം ചെയ്ത് ദൈവതേജസ് നഷ്ടപ്പെട്ട ശരീരത്തിൽ ആയിരിക്കുന്നിടത്തോളം കാലം സ്ത്രീയും പുരുഷനും തമ്മിലുള്ള വ്യത്യാസം ഉള്ളതിനാൽ സഭയിൽ സ്ത്രീ വിധേയപ്പെട്ടിരിക്കണം.

ശേഷം പേജ് 14 ▶



# നിങ്ങൾ മരിക്കയില്ല നിശ്ചയം

ഡോ. ജോൺസൺ സി. ഫിലിപ്പ്

### സ്ത്രീ വിമോചനവും ക്രിസ്തീയ സഭയും

**ദൈ**വകല്പനയെ അങ്ങനെ തന്നെ ലംഘിക്കുകയെന്നതാണ് സാത്താന്റെ പ്രവർത്തനരീതി. അനുസരണക്കേടു കാണിച്ചാൽ നിങ്ങൾ മരിക്കും എന്ന ദൈവകല്പനയെ, മരിക്കയില്ല നിശ്ചയം എന്നു ഉറപ്പിച്ചു പറഞ്ഞുകൊണ്ടാണ് സാത്താൻ എതിരിട്ടത്. ആ തന്ത്രത്തിൽ മനുഷ്യൻ അകപ്പെടുകയും ചെയ്തു (ഉൽപത്തി 3:4-7). ദൈവം വളരെ കൃത്യമായി നൽകിയ കല്പനയെ മറുതലിക്കുന്ന പ്രവണത ലോകചരിത്രത്തിൽ നമുക്കു കാണാവുന്നതാണ്. ഇന്നും മനുഷ്യരെ പ്രസാദിപ്പിക്കുന്നതിനായി ദൈവകല്പനയെ മറുതലിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു.

ദൈവകല്പനയെ മറുതലിക്കുവാൻ ഒരിക്കൽ പിശാച് സ്ത്രീയെ വശീകരിച്ചു. എന്നാൽ യാതൊരു വശീകരണവും കൂടാതെ തന്നെ പുരുഷൻ സ്ത്രീയുടെ പാത പിന്തുടരുകയും ചെയ്തു. ആ സമയം മുതൽ ദൈവിക പ്രമാണത്തിനെതിരെ പ്രവർത്തിക്കാൻ സ്ത്രീയെ വശീകരിക്കുക എന്ന തന്ത്രം പിശാച് ഫലകരമായി ഉപയോഗിച്ചു വരുന്നു. കാരണം സ്ത്രീകൾക്കു പുരുഷന്മാരെ എങ്ങനെ പാട്ടിലാക്കാമെന്നറിയാം. തന്മൂലം തിരുവെഴുത്തു സ്ത്രീയെആ ത്മീകഅ രാജകത്വത്തിന്റെ് പതീകമായി വെളിപ്പെടുത്തുന്നു. മർമ്മം മഹതിയാം ബാബിലോൺ, വേശ്യകളുടെ മാതാവ് (വെളി. 18:1-5) എന്ന പേര് ഇതിനുത്തമദൃഷ്ടാന്തമാണ്.

ദൈവത്തിനെതിരായി ആദ്യമായി മതമുണ്ടാക്കിയ നിമ്രോദിന് സെമിരെമിസ് എന്ന ദേവിയുണ്ടായിരുന്നു. തുടർന്നു വന്ന അക്രൈസ്തവവും ദൈവികേതരവുമായ മതങ്ങളുടെ സ്ഥാപകരും പ്രധാനപുരോഹിതരും സ്ത്രീകളായിരുന്നു. മനുഷ്യസൃഷ്ടിയുടെ ആരംഭം മുതൽ ദൈവം സ്ഥാപിച്ച പ്രമാണങ്ങളെ തകിടം മറിക്കുകയായിരുന്നു ഇത്തരം പ്രസ്ഥാനങ്ങളുടെ ആത്യന്തിക ലക്ഷ്യം. അങ്ങനെ ദൈവിക പ്രമാണങ്ങൾക്കെതിരായി ഉയർന്നു വന്ന പ്രസ്ഥാനങ്ങളിലൊന്നാണ് സ്ത്രീ വിമോചനപ്രസ്ഥാനം. ഏദനിൽെ വച്ച്സ ്ത്രീ-പുരുഷബ ന്ധത്തിൽ ദൈവം കല്പിച്ചാക്കിയ ക്രമത്തെ തകിടം മറിക്കുക എന്നതായിരുന്നു ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

സ്ത്രീ-പുരുഷ പങ്കാളിത്തത്തിലെ ക്രമം തെറ്റലിന്റെ പ്രത്യാഘാതം നാം നോഹയുടെ കാലത്തു തന്നെ കാണുന്നു. ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരാൽ കളങ്കപ്പെടുന്നതായി ഉൽപത്തി 6-ൽ നാം വായിക്കുന്നു. തുടർന്നു നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ ദൈവജനത്തിനിടയിലേക്ക് വിഗ്രഹാരാധനയും വിജാതീയ ദേവന്മാരും കടന്നു കയറാൻ അവസരമൊരുക്കി ഇസബേലും രംഗപ്രവേശം ചെയ്തു. ഈ കാലഘട്ടമായപ്പോഴേക്കും പ്രവാചകിമാരും വിജാതീയന്മാരും യിസ്രായേൽ ജനത്തിനിടയിൽ സാധാരണ ശുശ്രൂഷകരായി. അങ്ങനെ ദൈവം തന്റെ ജനത്തിനു നൽകിയ പ്രമാണങ്ങൾ തകിടം മറിഞ്ഞു.

പുതിയ നിയമകാലത്തും സ്ത്രീ കേന്ദ്രീകൃതമായ മതവിഭാഗങ്ങൾ തലപൊക്കി. 18,19 നൂറ്റാണ്ടുകളിൽ ഇത്തരം മതങ്ങൾ ശക്തി പ്രാപിച്ചു. 20-ാം നൂറ്റാണ്ടായപ്പോഴേക്കും ദൈവത്തെയല്ല, പിശാചിനെയാണ് മനുഷ്യൻ ആരാധിക്കേണ്ടതു എന്നു പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട് ആലീസ് ബെയ്‌ലി എന്ന സ്ത്രീ രംഗത്തു വന്നു. ലോകമെങ്ങും പിശാച് ദൈവമായി വാഴണമെന്നതാണ് അവരുടെ പ്രഖ്യാപിത ലക്ഷ്യം. ബൈബിളിനെയും ബൈബിളിൽ നൽകപ്പെട്ട ദൈവിക പ്രമാണങ്ങളെയും തള്ളിക്കളഞ്ഞു

> ഏദനിൽ വെച്ച് നിങ്ങൾ മരിക്കയില്ല നിശ്ചയം എന്നു സാത്താൻ പറഞ്ഞതു പച്ചക്കള്ളവും അർദ്ധസത്യവുമായിരുന്നു. ദൈവകല്പനയെ തകിടം മറിച്ച് തനിക്ക് പാതയൊരുക്കുക എന്നതായിരുന്നു സാത്താന്റെ പദ്ധതി. സഭാ കൂടിവരവുകളിൽ സ്ത്രീകൾക്കു സംസാര സ്വാതന്ത്ര്യം അനുവദിക്കണമെന്ന ആവശ്യം സഭകളിലേക്ക് നുഴഞ്ഞു കയറാനുള്ള പൈശാചിക തന്ത്രമാണ്.

അവയ്ക്കു നേരെ വിപരീതമായ പ്രവർത്തികൾ ചെയ്യാൻ അവർ ആളുകളെ വശീകരിക്കുന്നു.

### ആധുനിക സ്ത്രീ വിമോചനവാദത്തിന്റെ ചരിത്രവും തത്വശാസ്ത്രവും

1960കളിലാണ് ആധുനിക സ്ത്രീ വിമോചന പ്രസ്ഥാനം ആരംഭിച്ചത്. ആലിസ് ബെയ്‌ലി പ്രചരിപ്പിച്ച തത്വമാണ് ഈ പ്രസ്ഥാനത്തിനു ആധാരം. 1920ൽ ആലിസ് ബെയ്‌ലി ലൂസിഫർ പബ്ലിഷിംഗ് കമ്പനി ആരംഭിച്ചു. പിന്നീടതു ലൂസിഫർ ട്രസ്റ്റായിത്തീർന്നു. ധ്വജ് ഖുൾ എന്ന പേരിലുള്ള ഭൂതം അവൾക്കു പറഞ്ഞുകൊടുത്തു എഴുതിച്ച നിരവധി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. ഈ ലോകത്തിൽ ദൈവം സ്ഥാപിച്ച ക്രമീകരണങ്ങളെ തകിടം മറിച്ചു സാത്താന്യക്രമം സ്ഥാപിക്കുക എന്നതായിരുന്നു ഈ പുസ്തകങ്ങളുടെ ലക്ഷ്യം.

വേദപുസ്തകത്തിലെ ദൈവവും ദൈവിക പ്രമാണങ്ങളും മനുഷ്യന്റെ ശത്രുവാണെന്നും സാത്താനും തന്റെ പ്രമാണങ്ങളുമാണ് മനുഷ്യന്റെ സുഹൃത്തുക്കൾ എന്നും അവർ ആവർത്തിച്ചു പറഞ്ഞിരുന്നു.

ആലിസ് ബെയ്‌ലിയുടെ തത്വങ്ങൾ പിൻപറ്റി രൂപം കൊണ്ട മറ്റൊരു പ്രസ്ഥാനമാണ് നവയുഗ പ്രസ്ഥാനം. തുടർന്നു ഹിപ്പി പ്രസ്ഥാനവും ശക്തി പ്രാപിച്ചു വന്നു. മനുഷ്യന്റെ മനസാക്ഷിയുടെയും തിരുവചനത്തിന്റെയും പ്രമാണങ്ങൾക്കെതിരെ പ്രവർത്തിക്കാനാണ് ഹിപ്പികൾ ജീവിതം സമർപ്പിച്ചത്. തന്മൂലം തങ്ങൾക്കു ബോധിച്ച പ്രകാരം ലൈംഗിക വേഴ്ചകളും, മയക്കു മരുന്നു സേവയും നടത്തുകയും സാമൂഹിക വ്യവസ്ഥകളെ പരസ്യമായി ലംഘിക്കയും അവഹേളിക്കുകയും ചെയ്തു. ഈ സാഹചര്യങ്ങളെ മുതലെടുത്തു ചില സ്ത്രീത്വവാദികളും തല ഉയർത്തി. സമൂഹത്തിൽ നിലനിന്നു പോന്ന സ്ത്രീ - പുരുഷ ബന്ധം നേരെ വിപരീത ദിശയിലാക്കണമെന്നവർ ശഠിച്ചു.

1960കളിൽ അമേരിക്കൻ സാമൂഹിക വ്യവസ്ഥയ്ക്കു വെല്ലുവിളിയായി ഉയർന്നു വന്ന ഹിപ്പി പ്രസ്ഥാനത്തോടൊപ്പം സ്ത്രീ വിമോചന പ്രസ്ഥാനവും സാമൂഹിക ക്രമത്തെ പിടിച്ചുലച്ചു. രാഷ്ട്രീയ രംഗത്തും അതിന്റെ അലയടികൾ മുഴങ്ങി. ഹിപ്പി മൂവ്മെന്റ്, സ്വതന്ത്ര ലൈംഗിക പ്രസ്ഥാനം, സ്വതന്ത്ര വിവാഹമോചനപ്രസ്ഥാനം, സ്വവർഗ്ഗാനുരാഗ പ്രസ്ഥാനം തുടങ്ങിയവ സ്ത്രീ വിമോചനപ്രസ്ഥാനത്തോട് ചേർന്നു ഒരു വൻ ശക്തിയായി മുന്നേറി. രാഷ്ട്രവും സഭയും ഒരുപോലെ പ്രതിരോധത്തിലായി. തങ്ങളുടെ നിലനില്പ്പിന് ഈ അവിശുദ്ധ കൂട്ടുകെട്ടിനെ ആശ്ലേഷിക്കാതെ തരമില്ലെന്നായി. സ്ത്രീ വിമോചനവാദികളും കൂട്ടാളികളും മുമ്പോട്ടു വെച്ച ആവശ്യങ്ങൾ നിറവേറ്റുവാൻ ഭരണാധികാരികൾ നിർബന്ധിതരായി.

പുരുഷന്മാർ വീട്ടിലിരുന്നു കുഞ്ഞുങ്ങളെ നോക്കണമെന്നും സ്ത്രീകൾ ജോലി ചെയ്തു കുടുംബ കാര്യം നോക്കണമെന്നും അവർ ആവശ്യപ്പെട്ടു. ദൈവത്തെ പിതാവ് എന്നു സംബോധന ചെയ്യുന്നതിനു പകരം മാതാവ് എന്നോ നപുംസക പദത്താലോ സംബോധന ചെയ്യണമെന്ന് അവർ വാദിച്ചു. പാശ്ചാത്യ സഭകളിൽ ഇക്കൂട്ടരുടെ സമ്മർദ്ദം അതിശക്തമായിരുന്നു. പാശ്ചാത്യ പബ്ലിഷിംഗ് പ്രസ്ഥാനങ്ങളും ഇവരുടെ സമ്മർദ്ദത്തിനടിമപ്പെട്ടു പോയി. സ്ത്രീ വിമോചനവാദികളുടെ നിരവധി പുസ്തകങ്ങൾ അവർ പ്രസിദ്ധീകരിക്കേണ്ടിവന്നു. നില നിൽപ്പിന് അതല്ലാതെ വേറെ പോംവഴി ഇല്ലായിരുന്നു. ആളുകളെക്കുറിച്ചുള്ള പേടി നിമിത്തവും കച്ചവട മനോഭാവമുള്ള പാശ്ചാത്യ പബ്ലിഷേഴ്സ് മൂലവും ക്രിസ്തീയ സഭയ്ക്കുളിലേക്കും സ്ത്രീവിമോചനം കടന്നു കൂടി.

പാശ്ചാത്യ പബ്ലീഷേഴ്സ് മൂന്നാം ലോകരാഷ്ട്രങ്ങളിലേക്ക് ടൺകണക്കിന് പുസ്തകങ്ങൾ അച്ചടിയിലൂടെ ആത്മാക്കൾ (ലിറ്ററേച്ചർ ഇവാഞ്ചലിസം) എന്ന പേരിൽ വിതരണം ചെയ്തു. ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങളിലേക്ക് മിഷൻ സംഘങ്ങൾ വഴി വിതരണം ചെയ്ത ഗ്രന്ഥങ്ങൾ മുഖാന്തരമാണ് ഇന്ത്യയിലെ ക്രിസ്തീയ സമൂഹങ്ങളിലും സ്ത്രീ വിമോചനവാദികൾ തല പൊക്കി തുടങ്ങിയത്. ആശയങ്ങൾക്ക് സ്വാധീനശക്തിയുണ്ട്. ഇന്ത്യയിലെ എഴുത്തുകാരെയും അധ്യാപകരെയും ഈ പുസ്തകങ്ങളിലെ ആശയങ്ങൾ സ്വാധീനിച്ചതുകൊണ്ട് ലൂസിഫർ ട്രസ്റ്റിന്റെ പൈശാചിക തത്വശാസ്ത്രം ഇന്ത്യയിലെ സഭകളിലും വേരുപിടിച്ചു.

ലൂസിഫർ ട്രസ്റ്റിന്റെയും ആലിസ് ബെയ്‌ലിയുടെയും അത്യന്തിക ലക്ഷ്യമെന്നതു ദൈവത്തിന്റെ സ്ഥാനത്തു പിശാചിനെയും വേദപുസ്തക ഉപദേശങ്ങളുടെ സ്ഥാനത്തു പൈശാചിക തത്വശാസ്ത്രത്തെയും പ്രതിഷ്ഠിക്കുക എന്നതാണ്. ആയിരക്കണക്കിനു വർഷങ്ങളായി പാലിച്ചുപോരുന്ന ദൈവകല്പിത സദാചാര മര്യാദകളെ എളുപ്പം ആളുകൾ അവഗണിക്കില്ല. അതുകൊണ്ട് ചെറിയ ചെറിയ ആവശ്യങ്ങളുമായാണ് ഇക്കൂട്ടർ സഭയ്ക്കുള്ളിൽ തല പൊക്കി തുടങ്ങിയത്. അത്തരം ആവശ്യങ്ങളിലൊന്നാണ് സഭാകൂടിവരവുകളിൽ സ്ത്രീകൾ മിണ്ടാതിരിക്കണമെന്ന ദൈവകല്പനയെ ഒഴിവാക്കണമെന്ന ആവശ്യം. അതു പക്ഷപാതപരമായ ഒരു കല്പനയെന്ന വിശദീകരണവും സ്ത്രീവിമോചനവാദികൾ നൽകുന്നു.

ശേഷം പേജ് 16 ▶

# നിങ്ങളുടെ യുവതികൾ നൃത്തം ചെയ്യട്ടെ



ഡോ. സനീഷ് ചെറിയാൻ

### സ്ത്രീകളും വേർപാടു സഭകളും

**ചി**ല വർഷങ്ങൾക്കു മുമ്പ് ഒരു പെന്തക്കോസ്തു പത്രത്തിന്റെ പത്രാധിപർ ഇപ്രകാരം എഴുതി ; 'ബ്രദറൺ സഭകളിലെ സ്ത്രീകളെ നൃത്തം ചെയ്യുവാനും പ്രവചിക്കുവാനും ചുമതലപ്പെട്ടവർ അനുവദിക്കണം'. സ്ത്രീകൾ സഭാകൂടിവരവുകളിൽ മിണ്ടാതിരിക്കട്ടെ എന്ന പ്രമാണം ലംഘിച്ച പെന്തക്കോസ്തുകാരെപ്പോലെ ബ്രദറുകാരും ചെയ്യണം എന്നതായിരുന്നു അദ്ദേഹത്തിന്റെ ആവശ്യം.

നാമധേയ സമുദായങ്ങളിൽ നിന്നും വേർപെട്ട് പുതിയനിയമ മാതൃക പ്രകാരം വിശ്വാസജീവിതം നയിക്കാൻ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട ഒരു പ്രസ്ഥാനമാണ് വേർപാട് അഥവാ ബ്രദറൺ പ്രസ്ഥാനം. വിശ്വാസികളുടെ പൗരോഹിത്യം, സ്ഥലം സഭാ സ്വാതന്ത്ര്യം, സുവിശേഷീകരണവും സഭാ സ്ഥാപനവും തുടങ്ങിയ വിഷയങ്ങൾ ഈ സവിശേഷതകളിൽ പെടുന്നു. വചനത്തോട് പരമാവധി വിശ്വസ്തത കാണിക്കാൻ സമർപ്പണമുള്ള സമൂഹമാണ് വേർപാട് സമൂഹം. അതുകൊണ്ട് സഭായോഗങ്ങളിൽ സ്ത്രീകൾ നിശബ്ദത പാലിക്കണം എന്ന കല്പനയും വേർപാടു സഭകൾ പാലിക്കുന്നു. ഉപദേശിക്കാനോ, പഠിപ്പിക്കാനോ പുരുഷന്മാർ സന്നിഹിതരായിക്കുന്ന സാഹചര്യങ്ങളിൽ പ്രാർത്ഥിക്കാനോ ആരാധനയോഗങ്ങളിൽ സ്തോത്രം ചെയ്യുന്നതിനോ പ്രബോധനം പറയുന്നതിനോ അനുവദിക്കുന്ന ഒരു കീഴ് വഴക്കം വേർപാടു സഭകൾക്കില്ല. കാരണം, വചനത്തെ അവർ സ്നേഹിക്കുന്നു.

### സ്ത്രീകളുടെ നിശബ്ദതയും തിരുവെഴുത്തും

സഭയിൽ സ്ത്രീകൾ എങ്ങനെ ആയിരിക്കണമെന്നു വ്യക്തമായ നിർദ്ദേശം തിരുവെഴുത്തു നൽകുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ട രണ്ടു വാക്യങ്ങൾ ചുവടെ ചേർക്കുന്നു.

"വിശുദ്ധന്മാരുടെ സർവ്വ സഭകളിലും എന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ; ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിക്കാൻ അവർക്ക് അനുവാദമില്ല. അവർ വല്ലതും പഠിപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ വീട്ടിൽ വെച്ചു ഭർത്താക്കന്മാരോട് ചോദിച്ചു കൊള്ളട്ടെ. സ്ത്രീ സഭയിൽ സംസാരിക്കുന്നതു അനുചിതമല്ലോ" (1 കൊരി 14:34,35)

"മൗനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ ഞാൻസ ്ത്രീയെഅ നുവദിക്കുന്നില്ല.ആ ദാം ആദ്യം നിർമ്മിക്കപ്പെട്ടു, പിന്നെ ഹവ്വ; ആദാം അല്ല, സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടത്" (1 തിമൊ. 2:12-14)

ഇതിൽ ഒന്നാമത്തെ വേദഭാഗത്തു നിന്നും ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കാവുന്നതാണ്.

- ★ സഭായോഗങ്ങളിൽ സ്ത്രീകൾ മിണ്ടാതിരിക്കണം.
- ★ സഭയിൽ സംസാരിക്കാൻ സ്ത്രീകൾക്ക് അനുവാദമില്ല
- ★ സംശയങ്ങൾ വീട്ടിൽ വെച്ച് ഭർത്താക്കന്മാരോട് ചോദിക്കണം.
- ★ സ്ത്രീ സഭയിൽ സംസാരിക്കുന്നത് അനുചിതമാണ്.

പുരുഷന്മാരോടുള്ള വിധേയത്വത്തിൽ സ്ത്രീ ആയിരിക്കണം എന്നതു ഏദനിൽ മുതൽ സ്ത്രീയെക്കുറിച്ചുള്ള ദൈവിക പ്രമാണമാണ്.

രണ്ടാമത്തെ വേദഭാഗത്തു, ചുവടെ ചേർക്കുന്ന കാര്യങ്ങൾ വെളിപ്പെടുന്നു.

- ★ പുരുഷന്മാരുടെ മേൽ അധികാരമുളവാക്കുന്ന യാതൊന്നും ചെയ്യുവാൻ സ്ത്രീയെ ദൈവം അനുവദിക്കുന്നില്ല.
- ★ സ്ത്രീ സഭയിൽ ഉപദേശിപ്പാൻ/ പ്രബോധിപ്പിക്കാൻ പാടില്ല.
- ★ മുകളിൽ പരാമർശിച്ച വിഷയങ്ങളിൽ സ്ത്രീകൾമ ൗനമായിരിക്കണമെന്നുത ിരുവെഴുത്തു ഖണ്ഡിതമായി പറയുന്നു.

സഭാകൂടിവരവുകളിൽ സ്ത്രീകൾക്കുണ്ടായിരിക്കേണ്ട പെരുമാറ്റ ചട്ടമാണ് ഈ വേദഭാഗങ്ങൾ നൽകിയിരിക്കുന്നത്. സ്ത്രീകൾക്കും പ്രബോധനത്തിനും ഉപദേശത്തിനുമുള്ള കൃപാവരങ്ങൾ ലഭിക്കാം. എന്നാൽ അവ പുരുഷന്മാരുൾപ്പെടുന്ന സഭായോഗങ്ങളിൽ വ്യാപാരം ചെയ്യുവാൻ ദൈവവചനം അനുവദിക്കുന്നില്ല.

അതേ സമയം അവർക്കു സഹോദരിമാരെയും കുഞ്ഞുങ്ങളെയും പത്ഥ്യോപദേശം പഠിപ്പിക്കാനുള്ള സ്വാതന്ത്ര്യവും ഉത്തരവാദിത്തവും വചനം അനുശാസിക്കുന്നുണ്ട്. "വൃദ്ധമാരും അങ്ങനെ തന്നേ നടപ്പിൽ പവിത്ര യോഗ്യമാരും ഏഷണി പറയാത്തവരും വീഞ്ഞിനു അടിമപ്പെടാത്തവരും ആയിരിക്കേണം എന്നും ദൈവവചനം ദുഷിക്കപ്പെടാതിരിക്കേണ്ടതിന്നു യൗവ്വനക്കാരത്തികളെ ഭർത്തൃപ്രിയമാരും പുത്രപ്രിയമാരും സുബോധവും പാതിവ്രത്യമുള്ളവരും വീട്ടുകാര്യം നോക്കുന്നവരും ഭയമുള്ളവരും ഭർത്താക്കന്മാർക്കു കീഴ്പ്പെടുന്നവരും ആയിരിപ്പാൻ ശീലിപ്പിക്കേണ്ടതിനു നന്മ ഉപദേശിക്കുന്നവരായിരിക്കേണം എന്നും പ്രബോധിപ്പിക്ക" (തീത്തോ 2:3,4)

സഭായോഗങ്ങളിൽ സംസാരിപ്പാനോ, ഉപദേശിപ്പാനോ, പ്രബോധനം പറയുവാനോ, നായകത്വം വഹിക്കുന്നതിനോ സ്ത്രീകളെ വചനം അനുവദിക്കുന്നില്ല. അതേ സമയം യുവതികളെ വചനം അഭ്യസിപ്പിക്കുന്നതിനും സഹോദരിമാർക്കു പരസ്പരം പ്രബോധനവും ഉപദേശവും നടത്തുന്നതിനുള്ള കല്പനയും ദൈവാത്മാവ് നൽകുന്നു. വേർപാടു സഭകൾ വചനത്തോട് വിശ്വസ്തത പാലിക്കുന്നതിൽ ജാഗ്രതയുള്ള സമൂഹമായതുകൊണ്ട് വചനാനുസൃതമായ നിലയിൽ ശുശ്രൂഷകൾ ചെയ്യാനുള്ള സ്വാതന്ത്ര്യം സ്ത്രീകൾക്കു നൽകിവരുന്നു. അതേ സമയം സഭയിൽ സ്തോത്രം ചെയ്യുന്നതിനോ, പ്രാർത്ഥിക്കുന്നതിനോ പ്രബോധനം പറയുന്നതിനോ അവസരം നൽകുന്നില്ല. അതിനു കാരണം സ്ത്രീ വിരോധമോ അവരെ തരംതാഴ്ത്തി കാണുകയോ അല്ല. കൃപയ്ക്കു കൂട്ടവകാശികൾ എന്നു കണ്ടു കൊണ്ടു തന്നെ വചനപ്രകാരം സഭയെ നടത്തുക മാത്രമാണ്.

പുരുഷന്മാർ ചെയ്യുന്ന എല്ലാ ശുശ്രൂഷകളും ചെയ്യുവാൻ സ്ത്രീകളെ അനുവദിക്കണമെന്ന വാദവുമായി പലരും പരസ്യമായി രംഗത്ത് വന്നുകൊണ്ടിരിക്കുന്നു. സഭയ്ക്കും സഹോദരിമാർക്കും ആത്മീകാഭിവൃദ്ധിയുണ്ടാകുമെന്നതാണ് ഇക്കൂട്ടർ പറയുന്ന ന്യായം. ദൈവാത്മാവ് വിലക്കിയിരിക്കുന്ന ഒരു കാര്യം സഭയിൽ ചെയ്യുന്നതിലൂടെ ഏതു ആത്മാവിന്റെ വർദ്ധനയാണുണ്ടാകുന്നത്? അതു ദൈവികമോ? ജഡാഭിലാഷത്തെ പരിപോഷിപ്പിക്കുന്നതും സാത്താന്റെ ആലോചന സഭയിൽ നടപ്പാക്കുന്നതുമായ ഒരു സമ്പ്രദായമാണത്. ഇത്തരം പ്രവണതകളെ വേർപാടു സഭകൾ ശക്തിയോടെ എതിർത്തു നിന്നിട്ടുണ്ട്. തുടർന്നും അങ്ങനെ തന്നെ ആയിരിക്കും. അതാണ് വേർപാടു സഭകളുടെ പ്രത്യേകത.

**സ്ത്രീകൾ നിശബ്ദരായിരിക്കണമെന്നതു നിരുപാധിക കല്പനയോ?**

1960കളിൽ സ്ത്രീ വിമോചനപ്രസ്ഥാനം ശക്തിപ്പെട്ടതോടു കൂടി ക്രിസ്തീയ വിശ്വാസികൾക്കിടയിലും സഭയിൽ സ്ത്രീകൾ മിണ്ടാതിരിക്കണം എന്ന ദൈവകല്പനയുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്ന സ്ഥിതിയുണ്ടായി. ഇതിൽ കാര്യമുണ്ടെന്നു തോന്നുമെങ്കിലും ഇതു തിരുവെഴുത്തിന്റെ അബദ്ധരാഹിത്യത്തിന്മേലും അപ്രമാദിത്വത്തിന്മേലുമുള്ള കടന്നാക്രമണമാണ്. ആകയാൽ ആ വേദഭാഗത്തെ അൽപം ഒന്നു വിശദീകരിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

1 കൊരി 14:34,35 ഭാഗങ്ങളിൽ 'മിണ്ടാതിരിക്കട്ടെ' എന്നതിന് ഗ്രീക്കിൽ സിഗോ (SIGAO) എന്ന വാക്കാണുപയോഗിച്ചിരിക്കുന്നത്. നിശബ്ദത പാലിക്കുക, പുറത്തു പറയാതെ ഹൃദയത്തിൽ കരുതുക എന്നൊക്കെയാണ് ഈ വാക്കിനർത്ഥം. പുതിയ നിയമത്തിൽ 9 പ്രാവശ്യം ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. (ലൂക്കോ. 9:36, 20:26, അ.പ്ര. 12:17, 15: 12-13, റോമ. 16:25; 1 കൊരി. 14: 28,30,34) ഈ വേദഭാഗങ്ങളിലെല്ലാം നിരുപാധികമായ നിശബ്ദതത (പൂർണ്ണ നിശബ്ദത) എന്ന അർത്ഥത്തിലാണ് ഈ വാക്കുപയോഗിച്ചിരിക്കുന്നത്.

ആകയാൽ 1 കൊരി. 14:34ൽ പറഞ്ഞിരിക്കുന്ന കല്പന പൂർണ്ണമാണ്. അതു മനുഷ്യന്റെ ചിന്താഗതിക്കനുസരിച്ച് മാറ്റാവുന്ന ഒന്നല്ല.

1 തിമൊ. 2:12ൽ "ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല" എന്ന പ്രസ്താവനയെ ചിലർ പൗലോസിന്റെ വ്യക്തിപരമായ കാഴ്ചപ്പാടായി ചിത്രീകരിക്കുന്നു. പൗലോസിനെപ്പോലുള്ള ഒരു പുരാതന മനുഷ്യന്റെ കാഴ്ചപ്പാടിനും അഭിപ്രായത്തിനും ആധുനിക യുഗത്തിൽ ഒരു പ്രസക്തിയുമില്ലെന്നു സ്ത്രീ വിമോചനവാദികൾ പറയുന്നു; വചനത്തെ ത്യജിക്കുന്നു. ഈ വാക്യത്തോടുള്ള ബന്ധത്തിൽ രണ്ടു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ വാക്യത്തിൽ കാണുന്ന 'ഞാൻ' എന്ന നാമം മൂലഭാഷയിലില്ല. ഭാഷാശൈലിയിൻ പ്രകാരം ഇംഗ്ലീഷിലും മലയാളത്തിലും ഭാഷാന്തരങ്ങളിൽ കൂട്ടുചേർക്കപ്പെട്ടതാണത്. ഗ്രീക്കിൽ ഇതു 'അനുവദിക്കുന്നില്ല' എന്നു മാത്രമാണ്. ഗ്രീക്കു ഭാഷപ്രകാരം ഈ വാക്യം ഇപ്രകാരമാണ്. "മൗനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ

ശേഷം പേജ് 10 ▶

# വേർപാട് ന്യൂസ്

## കിഴക്കേക്കോട്ട കൺവൻഷൻ

**തൃശ്ശൂർ** : ദൈവഹിതമായാൽ കിഴക്കേക്കോട്ട ബ്രദറൺ ചർച്ചിന്റെ 110-ാമതു വാർഷിക സുവിശേഷ യോഗം 2012 ഏപ്രിൽ 5-8 തീയതികളിൽ നടക്കും. കർത്തൃദാസന്മാരായ പി.വി. ജെയിംസ് (വാളകം) ഡോ. ഡി. പ്രഭുദാസ് (കർണൂൽ) എന്നിവർ വചനം ശുശ്രൂഷിക്കും. 6,7 തീയതികളിൽ രാവിലെ 7.30ന് ബൈബിൾ ക്ലാസ്സ് ഉണ്ടായിരിക്കും. 6-ന് വൈകുന്നേരം 3 മണിക്ക് സണ്ടേസ്കൂൾ വാർഷികവും 7-ന് വൈകുന്നേരം 3.30-നു സഹോദരിമാരുടെ സമ്മേളനവും ഉണ്ടായിരിക്കുന്നതാണ്. ഹാർട്ട് ബീറ്റ്സ് അവതരിപ്പിക്കുന്ന ഗാനശുശ്രൂഷ എല്ലാദിവസവും ഉണ്ടായിരിക്കും. യോഗാനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുകയും പങ്കെടുക്കുകയും ചെയ്താലും (എം.എ. ജോയി, ബെന്നി മാത്യു)

## എസ്. ബി. എസ് നിലമ്പൂർ സെന്റർ ക്യാമ്പ്

**നിലമ്പൂർ** : സുവിശേഷകൻ ബാലസംഘം നിലമ്പൂർ സെന്റർ ക്യാമ്പ് ദൈവഹിതമായാൽ 2012 ഏപ്രിൽ 23-25 വരെ പള്ളിക്കുത്ത് ബ്രദറൺ സഭാഹാളിൽ വെച്ച് നടക്കുന്നതാണ്. ബ്രദർ ബിനു ശമുവേൽ (പത്തനംതിട്ട), ഫിലിപ്പ് കെ. ആൻഡ്രൂസ് (കോട്ടയം), കെ. ഗോപിനാഥ് (പാലേമോട്) എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കും. ഏകദേശം 80,000 രൂപ ചെലവ് വരുന്ന ഈ ക്യാമ്പിലേക്ക് ദൈവജനത്തിന്റെ പ്രാർത്ഥനയും സാമ്പത്തിക സഹകരണവും പ്രതീക്ഷിക്കുന്നു.

സാമ്പത്തിക കൂട്ടായ്മ അയയ്ക്കുന്നവർ (ചെക്ക്, ഡ്രാഫ്റ്റ്) റിജോ മാത്യു, കെ.എം. മാത്യു , കെ.എം. തോമസ് എന്നിവരുടെ പേരിൽ എടുത്തിട്ടുള്ള ജോയിന്റ് അക്കൗണ്ട് നമ്പർ 67174441235 എസ്.ബി.റ്റി. എടക്കര ബ്രാഞ്ചിൽ സെക്രട്ടറിയുടെ പേരിൽ അയച്ചാലും (ക്യാമ്പിന് നിശ്ചിത ഫീസില്ല)

എന്ന് സുവി. ബാലസംഘം സെന്ററിനു വേണ്ടി
സെക്രട്ടറി - റിജോ മാത്യു
പ്രസിഡന്റ് - ജോൺ ശാമുവേൽ

Rijo Mathew, Lahamannil House, Pallikkuth
Post, Nilambur - 679334,
Mob : 9946360608

## രാജസ്ഥാൻ ക്യാമ്പയിൻ സമാപിച്ചു

**രാജകുമാരി** : 2012 ഫെബ്രുവരി 10 മുതൽ 22 വരെ രാജസ്ഥാനിൽ നടത്തപ്പെട്ട സുവിശേഷ ക്യാമ്പയിൻ അനുഗ്രഹകരമായി സമാപിച്ചു. കോട്ട, ചിത്തോഡ്ഗഡ്, ടോംക്, പ്രതാപ് ഗഡ് എന്നീ ജില്ലകളിലെ 22 ഗ്രാമങ്ങളിൽ പുതിയ നിയമവും, ലഘുലേഖകളും വിതരണം നടത്തി. സുവിശേഷം കടന്നു ചെന്നിട്ടില്ലാത്ത 4 ഉൾഗ്രാമങ്ങളിൽ കടന്നു ചെല്ലുന്നതിനും സാധിച്ചു. കേരളത്തിൽ നിന്നും സുവിശേഷകന്മാരായ ബൈജു. എം. ജെ. (തേവര), സ്റ്റാൻലി ജോൺ (രാജകുമാരി), ജേക്കബ്ബ് ആർ. (മറയൂർ), ജോമോൻ (എറണാകുളം) എന്നിവർ ഉൾപ്പെട്ട ടീമാണ് കടന്നുപോയത്. രാജസ്ഥാനിലെ മാൽപുരയിൽ കർത്താവിന്റെ വേല ചെയ്യുന്ന എബിസൺ എം.ജെ. അവിടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ജേക്കബ് ആർ., സ്റ്റാൻലി ജോൺ എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. വിതയ്ക്കപ്പെട്ട വചനം ഫലം കായ്ക്കാനായി ദൈവജനം പ്രാർത്ഥിക്കണമെ.

സ്റ്റാൻലി ജോൺ, ഇവാ. രാജകുമാരി

## ദൈവജനത്തിന്റെ പ്രത്യേക ശ്രദ്ധയ്ക്ക്

ലാലു വി. ഏബ്രഹാം - എഴുതുന്നത്

കർത്താവിൽ പ്രിയരെ കഴിഞ്ഞ 16 വർഷക്കാലമായി ഹൈറേഞ്ചിൽ പട്ടം കോളനി തൂക്കുപാലം എന്ന സ്ഥലത്ത് താമസിച്ച് ഞാൻ കർത്താവിന്റെ വേല ചെയ്തു വരുന്നു. 70-ൽ അധികം ആളുകൾ കൂടിവരുന്ന ഒരു കൂടിവരവ് ഇവിടെ ഉണ്ട്. എന്റെ മേൽ വിലാസത്തിൽ ചില വർഷങ്ങളായി പെന്തക്കോസ്തുവിഭാഗക്കാരനായ മറ്റൊരാൾ ഈ സ്ഥലത്തുണ്ട്. അതു നിമിത്തം ദൈവജനം അയക്കുന്ന പല കത്തുകളും ഇതിനോടകം എനിക്ക് നഷ്ടപ്പെട്ടത് ശ്രദ്ധയിൽ പെട്ടതിന്റെ വെളിച്ചത്തിൽ ദൈവജനത്തെ അറിയിക്കുന്നു. തന്നെയുമല്ല Gospel Harvest Ministry Valiyaveetil എന്ന അഡ്രസ്സിൽ ഇയാൾ ഇപ്പോൾ കത്തിടപാടുകൾ നടത്തുന്നതായി അറിയുന്നു. ഇത് എന്റെ പ്രവർത്തനമാണെന്നും വേർപാട് സഹോദര

ങ്ങൾ ചിന്തിക്കാൻ സാദ്ധ്യതയുള്ളതു കൊണ്ടാണ് ഇതെഴുതുന്നത്. ഈ മിനിസ്ട്രിയു മായി (GHM) എനിക്ക് ബന്ധമില്ല. ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുക. എന്റെ പേരിൽ അയയ്ക്കുന്ന കത്തുകൾ താഴെ പറയുന്ന അഡ്രസ്സിൽ മാത്രം അയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.

Evanglist - Lalu V. Abraham, Brethren
Church Thookupalam, P.B. No. 2
Kallar P.O., Idukki Dist, Pin : 685552
Mob : 9495315554

## റോത്തക്കിൽ സുവിശേഷയോഗം

**ഹരിയാന** : റോത്തക്ക് ബ്രദറൺ അസംബ്ലിയുടെ ചുമതലയിൽ 2012 ഏപ്രിൽ 3,4 തീയതികളിൽ സുവിശേഷയോഗങ്ങൾ നടത്തപ്പെടുന്നു. റോത്തക്കിലുള്ള ഗ്രാമങ്ങളിലെ ജനങ്ങളെ ക്ഷണിച്ചുവരുത്തി സുവിശേഷം കേൾപ്പിക്കുവാനായി നടത്തപ്പെടുന്ന മീറ്റിംഗിൽ സഹോദരൻ എം.ജെ. ബാബു (ഡൽഹി) മുഖ്യപ്രഭാഷണവും ബൈബിൾ ക്ലാസ്സും നടത്തും. സഹോദരൻ എഡ്വിൻ പോളിന്റെ നേതൃത്വത്തിൽ ഗാനശുശ്രൂഷ നിർവ്വഹിക്കും. ധാരാളമാളുകൾ സുവിശേഷം കേൾക്കുവാനായി പ്രത്യേക ഹാൾ വാടകയ്ക്ക് എടുത്താണ് യോഗം നടത്തുന്നത്. ഈ യോഗത്തിന്റെ അനുഗ്രഹത്തിനു വേണ്ടി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ.

സഭയ്ക്കുവേണ്ടി

ഗോവിന്ദ്, പ്രശാന്ത് ബിർല, സുനിൽ തൽവാർ, പി.എസ്. സണ്ണി
വിലാസം

Evg. P.S. Sunny , 1640/12 Court Lane
Rohtak - 124001, Haryana,
Mob :9466831614

## ദൈവമക്കളുടെ പ്രാർത്ഥനയ്ക്ക്

എന്റെ പേര് സാബു സെബാസ്റ്റ്യൻ. ഞാൻ കരിയംപ്ലാവ് എന്ന സ്ഥലത്ത് ഒരു കത്തോലിക്ക കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ടു. ഞാൻ 1993-ൽ രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടു. ഒറീസ്സയിൽ ഒരു ക്രിസ്തീയ സംഘടനയോട് ചേർന്ന് ആദിവാസികളുടെ ഇടയിൽ സുവിശേഷ വേല ചെയ്തുവന്നു. അവിടെ നിന്നും മധുരയിലുള്ള ബൈബിൾ സ്കൂളിൽ ദൈവവചനം പഠിക്കുന്നതിന് അവസരം ലഭിച്ചു. ഞങ്ങളുടെ മാതൃസഭ നാരകത്താനി ബ്രദറൺ അംസബ്ലി ആണ്. എന്റെ സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിലും വേലയ്ക്കുള്ള വിളി സഭയ്ക്ക് ബോദ്ധ്യമായതിനാലും 2008 ജൂലൈ മുതൽ തമിഴ്നാട്ടിൽ കർത്താവിന്റെ വേല ചെയ്തു വരുന്നു.

ഇപ്പോൾ കുടുംബമായി ഞങ്ങൾ വാടകയ്ക്ക് കന്യാകുമാരി ഡിസ്ട്രിക്ടിൽ കളിയിയ്ക്കാവിള എന്ന സ്ഥലത്ത് താമസിക്കുന്നു. ഞാൻ നാല് സഹോദരന്മാരോടു കൂടെ മാർത്താണ്ഡം, തിരുവട്ടാർ, കുരുന്നംകോട്, കാർമ്മത്തൂർ, മഞ്ഞവിള, കളിയിയ്ക്കാവിള എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. എനിക്ക് ഭാര്യയും ഒരു മകളും ഉണ്ട്. മകൾ കോളേജിൽ പഠിക്കുന്നു.

എന്റെ പ്രവർത്തനത്തിന്റെ പിൻബലമായി ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും കർത്തൃനാമത്തിൽ അപേക്ഷിച്ചുകൊള്ളുന്നു.

Sabu Sebastian
C/o. Parakkundu Dumpa vila Veedu
Mannarappu,, Kaliyikkavila P.O.
K.K. Dist., - Pin : 629153, Mob : 09786291988.

## പാലക്കാട് ജില്ലയിൽ പുതിയ സഭാകൂടിവരവ്

പെരുമ്പടവ് സഭയിൽ നിന്നും സുവിശേഷവേലയ്ക്ക് വേർതിരിഞ്ഞ സഹോദരൻ വി.സി. തോമസിനെയും കുടുംബത്തെയും 2011 മെയ് മാസം 29-ാം തീയതി പാലക്കാട് ജില്ലയിൽ മുട്ടികുളങ്ങര, മുണ്ടൂർ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തിക്കുവാൻ സഭ പ്രാർത്ഥിച്ച് അയയ്ക്കുകയുണ്ടായി. കഴിഞ്ഞ ആറ് മാസമായി സഹോദരനും കുടുംബവും, അയൽസഭകളും ദൈവദാസന്മാരുമായി സഹകരിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി ചില അക്രൈസ്തവ കുടുംബങ്ങൾ രക്ഷിക്കപ്പെടുവാൻ ഇടയായി. 2012 ജനുവരി 14-ാം തീയതി പാലക്കാട് ക്രിസ്ത്യൻ ബ്രദറൺ സഭയുടെ സഹകരണത്തിലും പാലക്കാട് ജില്ലയിലെ സഭകളുടെയും ദൈവദാസന്മാരുടെയും സാന്നിധ്യത്തിലും പാലക്കാട് സഭയുടെ സ്നാനക്കുളത്തിൽ വച്ച് ഏഴ് പേരുടെ സ്നാനശുശ്രൂഷ ബ്രദർ ശാമുവൽ പി. അബ്രഹാം കോട്ടേക്കുളം നിർവ്വഹിക്കുകയുണ്ടായി. ബ്രദർ ജസ്റ്റസ് ദാനിയേൽ പാലക്കാട്, സ്നാനപ്പെട്ടവർക്കുള്ള സന്ദേശം നൽകുകയും ദൈവദാസന്മാർ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കുകയും ചെയ്തു. ഇവിടെ പ്രവർത്തിക്കുന്ന ദൈവദാസനെയും മുണ്ടൂർ സഭയെയും ഞങ്ങൾ ദൈവജനത്തിന്റെ മുമ്പാകെ പരിചയപ്പെടുത്തുന്നു. സഹോദരൻ വി.സി തോമസും കുടുംബവും ഇവിടെ ചെയ്യുന്ന പ്രവർത്തനങ്ങളെയും മുണ്ടൂർ സഭയെയും ദൈവജനം പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

വിലാസം : Mundur Brethren Church
Evg. V.C. Thomas, Vadakkemuriyil House
Labour School, Ezhakkad P.O.,
Palakkad - 678 631, Mob : 9446686997

## കത്തുകൾ

വേർപാട് മാസിക കാണുവാനിടയായി. വളരെ മനോഹരമായിരിക്കുന്നു. വളരെ നല്ല നിലവാരം പുലർത്തുന്ന പഠനാർഹമായ ലേഖനങ്ങളും പംക്തികളും. ഈ നല്ല ഉദ്യമത്തെ ദൈവം ആദരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എനിക്കും ഓരോ കോപ്പി ലഭിക്കണമെന്ന് ആഗ്രഹമുണ്ട്. ദയവായി അയച്ചു തരണമേ.

സ്റ്റാലിൻ ദാസ്, തിരുവനന്തപുരം

## കുഴിമാവിൽ പുതിയ സഭാകൂടിവരവ്

**മുണ്ടക്കയം** : കഴിഞ്ഞ നാളുകളിൽ ദൈവജനത്തിന്റെ പ്രാർത്ഥനയുടെയും സഹകരണത്തിന്റെയും ഫലമായി കുഴിമാവ്, കോരുത്തോട് കേന്ദ്രീകരിച്ച് അനേക സുവിശേഷ ക്യാമ്പുകളും ഏകദിനപ്രവർത്തനങ്ങളും നടത്തിയതിന്റെ ഫലമായി പലർ രക്ഷിക്കപ്പെടുവാനും ചിലർ വേർപെട്ട് വരുവാനും ഇടയായിട്ടുണ്ട്.

ദൈവകൃപയാൽ പീരുമേട് താലൂക്ക് സുവിശേഷീകരണട ീം( പവർത്തനത്തിന്റെച ുമതലയിൽ2 012 ഫെബ്രുവരി 6,7,8 തീയതികളിൽ കുഴിമാവും സമീപസ്ഥലങ്ങളും കേന്ദ്രീകരിച്ച് ഭവനസന്ദർശനം, പരസ്യയോഗങ്ങൾ, രാത്രി യോഗങ്ങൾ എന്നിവ നടത്തുവാൻ കർത്താവ് സഹായിച്ചു. മൂന്ന് ദിവസങ്ങളിലും 30-ലധികം സഹോദരന്മാർ കടന്നുവന്ന് വേലയിൽ സഹകരിച്ചു. സുവിശേഷകരായ ഗോഡ്ലി കുര്യൻ, എം.വി. ബാബു, ശാമുവേൽ റ്റി ഫിലിപ്പ് എന്നിവർ ബൈബിൾ ക്ലാസ്സ് എടുത്തു. കുഴിമാവിൽ ക്രമീകരിച്ച രാത്രിയോഗങ്ങളിൽ ബ്ര. തോമസ് ചെറിയാൻ (അടിമാലി), എം.വി. ബാബു (കല്ലിശ്ശേരി) , ഷാജഹാൻ വി. ഹസൻ (പീരുമേട്) എന്നിവർ വചനം പ്രസംഗിച്ചു. ഫിലിം പ്രദർശനവും ഉണ്ടായിരുന്നു. നല്ല കൂട്ടം ആളുകൾ കടന്നു വന്ന് വചനം ശ്രദ്ധിച്ചു. ഭവനസന്ദർശനം മുഖാന്തിരം പലരും രക്ഷിക്കപ്പെടുവാൻ ഇടയായി. അനുധാവനപ്രവർത്തനങ്ങൾ നടന്നുവ രുന്നു.( പവർത്തനങ്ങളുടെപ ുരോഗതി ലക്ഷ്യമാക്കി കുഴിമാവിൽ വാടക വീട് എടുക്കുവാനും അവിടെ ആരാധനാ കൂടിവരവ് ആരംഭിക്കുവാനും ഇടയായി എന്നുള്ളത് സ്തോത്രത്തിനായി അറിയിക്കുന്നു. സഹോദരന്മാരായ കെ.എം. ബേബി, റ്റി.വി.മ ാത്യു,എ ം.സിെ ചറിയാൻഎ ന്നിവരുടെ നേതൃത്വത്തിൽ ടീം പ്രവർത്തനത്തിന്റെ ചുമതലയിൽ ഈ പ്രവർത്തനം തുടർന്നുകൊണ്ടു പോകുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു.ഞ ായറാഴ്ച ആ രാധനയോഗവുംെ വള്ളിയാഴ്ച രാവിലെ പ്രാർത്ഥനയും വൈകുന്നേരം ക്ലാസ്സും ഉണ്ടായിരിക്കുന്നതാണ്. തുടർന്നും ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു.

എന്ന് പ്രവർത്തനത്തിനു വേണ്ടി സഹോദരന്മാർ

ബ്രദർ. കെ.എം. ബേബി, ബ്രദർ. റ്റി.വി. മാത്യു, ബ്രദർ. സാമുവേൽ റ്റി. ഫിലിപ്പ്

വിലാസം

T.V. Mathew,
Logos Bhavan, Konipad P.O.,
Melukavumattom, Kerala,India - 686652

## അറയ്ക്കപ്പടി കൺവൻഷൻ

ഏപ്രിൽ 18-22 വരെ അറയ്ക്കപ്പടി സഭാഹാളിനു മുൻവശം തയ്യാറാക്കുന്ന പന്തലിൽ വച്ച് സുവിശേഷയോഗങ്ങളും സംഗീതശുശ്രൂഷയും നടത്തപ്പെടുന്നു. വൈകുന്നേരം 6.30 - 9.00 വരെ

**പ്രസംഗകർ** : ജോൺ പി. തോമസ് (എറണാകുളം), ചാണ്ടപ്പിള്ള ഫിലിപ്പ് (കോട്ടയം). യോഗാനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കണമെ.

സഭയ്ക്ക് വേണ്ടി
ബ്രദർ നെൽസൺ എ.

## മഹത്വത്തിൽ

**ചെന്നൈ:** ഡോ. ടി.ഇ. ഈശോ 2012 മാർച്ച് 20-ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 22-നു സംസ്ക്കരിച്ചു. പരേതനായ ശ്രീ. എം.ഇ. ചെറിയാൻ സാറിന്റെ സഹോദരനായിരുന്ന ഇദ്ദേഹം സുവിശേഷകൻ മാസികയുടെ പത്രാധിപരായും പ്രവർത്തിച്ചിരുന്നു.

**മൈലപ്ര:** സഹോ. കെ.പി. ജോർജ്ജ് (87) മാർച്ച് 7-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 10-നു സംസ്ക്കരിച്ചു.

**മദ്ധ്യപ്രദേശ്** : സുവി. തുൾസിരാം സുമന്റെ മകൾ അനുഗ്രഹ (1.5) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 20-നു മൊറാറിൽ സംസ്ക്കരിച്ചു.

**തൃശ്ശൂർ** : സഹോ. വി.എ. പോൾ 2012 മാർച്ച് 22 -ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 24.ന് സംസ്ക്കരിച്ചു.

**പത്തനാപുരം** : പ്രസിദ്ധ ക്രൈസ്തവ സാഹിത്യകാരനും വേദാദ്ധ്യാപകനുമായിരുന്ന സഹോ. കെ.വി. ജോർജ്ജ് 2012 മാർച്ച് 23-ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

▶ പേജ് 6 തുടർച്ച

സ്ത്രീയെ അനുവദിക്കുന്നില്ല." ആകയാൽ ഇതു പൗലോസിന്റെ വ്യക്തിപരമായ അഭിപ്രായമാണെന്നു പറയുന്നതു ന്യായമല്ല.

രണ്ടാമതായി, പൗലോസ് പറഞ്ഞതായി എടുത്താൽ പോലും അതു പൗലോസിന്റെ വ്യക്തിപരമായ അഭിപ്രായമായിരിക്കുന്നില്ല. വേദപുസ്തകത്തിൽ വ്യക്തികൾ പറഞ്ഞ കാര്യങ്ങൾ ദൈവിക അരുളപ്പാടായാണ് അവതരിക്കപ്പെട്ടിരിക്കുന്നത്. മത്താ. 22:24, മർക്കോ 7:10, ലൂക്കോ. 16:31, അ.പ്ര. 2:14, 10:34, റോമ. 9:29; ഗലാ. 1:9 തുടങ്ങിയ വേദഭാഗങ്ങൾ ശ്രദ്ധിച്ചാൽ ഇക്കാര്യം മനസ്സിലാകും. വ്യക്തികൾ പറഞ്ഞിരിക്കുന്നുവെങ്കിലും തിരുവെഴുത്തിലെ ഓരോ വാക്കുകളും ദൈവശ്വാസീയമെന്ന കാര്യം വിസ്മരിച്ചുകൂടാ. ദൈവാത്മ നടത്തിപ്പിനാലല്ലാതെ പൗലോസ് സ്വന്തം അഭിപ്രായം എഴുതിയതായിരുന്നു എങ്കിൽ ആ പ്രസ്താവന തിരുവെഴുത്തിൽ കാണില്ലായിരുന്നു. സ്ത്രീ വിമോചനവാദികൾ അതു പൗലോസിന്റെ വ്യക്തിപരമായ അഭിപ്രായമാണെന്നു പറയുമ്പോൾ അവർ തിരുവെഴുത്തിന്റെ ദൈവശ്വാസീയതയെയും അപ്രമാദിത്വത്തെയും അബദ്ധരാഹിത്യത്തെയും നിസ്തുല്യതയെയും തള്ളിക്കളയുകയാണ്. വേദപുസ്തക സ്നേഹികൾ ജാഗ്രത പാലിക്കണം.

**ആരാണ് ഫേബ?**

റോമ. 16:1 ൽ പറഞ്ഞിരിക്കുന്ന ഫേബ കെക്രേയ സഭയിലെ ഉപദേഷ്ടാവായിരുന്നു എന്നു ചിലർ പറയുന്നു. ശുശ്രൂഷക്കാരി എന്ന പ്രയോഗമാണ് ഈ ചിന്തയിലേക്ക് ഇക്കൂട്ടരെ നയിക്കുന്നത്. എന്നാൽ ഇംഗ്ലീഷ് ഭാഷാന്തരങ്ങളിൽ വേലക്കാരി (Servant) എന്ന വാക്കാണ് കാണുന്നത്. ശുശ്രൂഷക്കാരി (Minister) എന്ന വാക്കല്ല. ഡീക്കന്മാർ ആദിമ സഭയിൽ ഉണ്ടായിരുന്നു. അവർ വചനം പഠിപ്പിക്കുന്നതിലും പ്രബോധിപ്പിക്കുന്നതിലും ശ്രദ്ധിക്കുന്നവരായിരുന്നില്ല. സഭയുടെ ഭൗതിക വിഷയങ്ങൾ കൈകാര്യം ചെയ്യാനുള്ള കൃപയാണ് ഡീക്കന്മാർക്കുള്ളത്. അതേ ആശയത്തിൽ എടുക്കുമ്പോൾ ഫേബ സഭയുടെയും സുവിശേഷകന്മാരുടെയും സഹായിയായി ശുശ്രൂഷ ചെയ്ത വ്യക്തിയെന്നു വ്യക്തം. വചനശുശ്രൂഷയും, സ്തോത്രം ചെയ്യലും, പ്രാർത്ഥനയും, പ്രബോധനവും, സുവിശേഷ പ്രസംഗവുമൊക്കെയാണ് സഭയിലെ ശുശ്രൂഷ എന്ന ചിന്തയാണ് ഫേബയെ സഭയുടെ ശുശ്രൂഷക്കാരിയായി അവതരിപ്പിക്കുന്നതിന്റെ പിന്നിലെ ഒരു ഘടകം. രണ്ടാമതായി, പുരുഷന്മാരോടൊപ്പം തുല്യമായ സ്ഥാനം സ്ത്രീകൾക്കും സഭയിൽ വേണമെന്ന ഗൂഢലക്ഷ്യത്തിൽ നിന്നുയരുന്ന വ്യാഖ്യാനം. ഇതു രണ്ടും തെറ്റാണ്. വചനത്തെ വചനമായി അംഗീകരിച്ച് കീഴ്പ്പെടാനുള്ള മനോഭാവമാണ് ഇതിനുള്ള പ്രതിവിധി.

**സ്ത്രീകളും വേർപാടു സഭകളും**

മുൻപു ഞാൻ സൂചിപ്പിച്ചതു പോലെ വചനത്തോടു കഴിയുന്നത്ര വിശ്വസ്തത പുലർത്താൻ വേർപാടു സഭകൾ ശ്രദ്ധിക്കുന്നു. അതുകൊണ്ടാണ് പാരമ്പര്യങ്ങളെയും മാമൂലുകളെയും ദുരാചാരങ്ങളെയും വിട്ട് ബൈബിൾ മാത്രം എന്ന ആപ്തവാക്യവുമായി വേർപാടു പിതാക്കന്മാർ ജീവിതം നയിച്ചത്. ആദ്യകാലം മുതൽ തന്നെ സ്ത്രീകൾക്കു വേർപാടു സഭകളിൽ (സഭായോഗങ്ങളിൽ) യാതൊരു ശുശ്രൂഷയുംന ൽകുന്നില്ല.അ തേസ മയംസ ഹോദരിമാർക്കു തങ്ങളുടെ കൃപാവരങ്ങൾ വ്യാപാരം ചെയ്യുന്നതിനുള്ള അവസരങ്ങളായി സഹോദരിമാരുടെ യോഗങ്ങളും സണ്ടേസ്കൂളുകളും ക്രമീകരിച്ചിരിക്കുന്നു.

ആത്മീക ശുശ്രൂഷകളുടെ നേതൃനിരയിലേക്ക് സ്ത്രീകൾ വരുന്നതിലും, പ്രത്യേകിച്ചും പുരുഷന്മാരുടെ പങ്കാളിത്തമുള്ള സ്ഥാനങ്ങളിൽ സ്ത്രീകളെ അനുവദിക്കുന്നില്ല. അതുകൊണ്ടാണ് എസ്.ബി.എസ്, വൈ.എം.ഇ.എഫ്, മാസവേല, ഫണ്ടുകൾ തുടങ്ങിയ പ്രസ്ഥാനങ്ങളുടെ കമ്മറ്റികളിൽ സ്ത്രീകൾക്കു സ്ഥാനമില്ലാത്തത്. അതേ സമയം സ്ത്രീകൾക്കു അവരുടേതായ കൂട്ടായ്മകളും വചനപഠനവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

സഭായോഗങ്ങളിൽ സ്ത്രീകൾ മിണ്ടാതിരിക്കട്ടെ എന്ന ദൈവകല്പനയിൽ അയവു വരുത്തിയ പ്രോഗ്രസീവ് ബ്രദറൺ സഭകൾ (യുഎസ്.എ) ഇന്നു സ്ത്രീകളുടെ നിയന്ത്രണത്തിലാണ് നടക്കുന്നത്. ആദ്യം കൂടിവരവുകളിൽ പ്രാർത്ഥിക്കുന്നതിനും സ്തോത്രം ചെയ്യുന്നതിനുമുള്ള സ്വാതന്ത്ര്യം അവർക്കു നൽകി. ഇന്നു ആരാധനയ്ക്കായി കൂടിവരുമ്പോൾ സ്ത്രീകൾ നൃത്തം ചവിട്ടിയാണ് ആരാധനയ്ക്ക് കൊഴുപ്പേകുന്നത്. പുതിയ നിയമമാതൃക പിന്തുടരുന്ന വേർപാട് സഭകൾക്ക് ഈ ഗതി വരരുത്.

'ഓരോരുത്തനും താന്താന്റെ നിരയിലത്രേ' എന്നു വചനം പറയുന്നു. **പുരുഷന്മാർ സഭായോഗങ്ങളിൽ ശുശ്രൂഷകൾ ചെയ്യട്ടെ. അവർക്കു കീഴടങ്ങിയിരുന്നുകൊണ്ട് ഹൃദയത്തിൽ കർത്താവിനു പാടുവാനും സ്തോത്രം ചെയ്യുവാനും സഹോദരിമാർ ശ്രദ്ധിക്കട്ടെ. വചനപ്രകാരം ഉള്ള ആത്മീക വർദ്ധനയാണ് ശരിയായ ആത്മീക വർദ്ധന.** വിശ്വാസികളുടെ വൈകാരികോ ജഡാഭിലാഷ പരമോ ആയ ചിന്താഗതികളാകരുത്. ആകയാൽ സ്ത്രീകൾ സഭയിൽ സംസാരിക്കുന്നത് അനുചിതം തന്നെ (1 കൊരി. 14 :34, 35). ●

# പുതിയ നിയമസഭയിൽ സ്ത്രീകൾക്ക് ഏതെല്ലാം ശുശ്രൂഷകൾ ചെയ്യാം?



**തോമസ് മത്തായി , ആനിക്കാട്**

**അ**നേക ചോദ്യങ്ങൾ ഇത് സംബന്ധിച്ച് മനുഷ്യമനസ്സുകളിൽ ഉയർന്ന് വന്നിട്ടുണ്ട്. പല നിലകളിലുള്ള അഭിപ്രായങ്ങൾ പലരും രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ ഏതാനും ചിലത് മാത്രം ഇവിടെ ഉദ്ധരിക്കട്ടെ.

'ക്രിസ്തു ദർശനത്തിൽ ഉൾചേർന്നിരിക്കുന്ന വനിതാ തുല്യാവകാശം ക്രൈസ്തവസഭകളിലും സംഘടനകളിലും നടപ്പാക്കണമെന്ന് ഡോ. ഗീവർഗീസ് മാർ കുറിലോസ് പറഞ്ഞു (മലയാള മനോരമ 24.11.09)

"..... വനിത പുരോഹിത മുതൽ വനിത ബിഷപ്പ് വരെ സമീപകാല യാഥാർത്ഥ്യങ്ങളാണ്.... പെന്തക്കോസ്ത് പ്രസ്ഥാനം ചുവടുറപ്പിച്ചത് സഹോദരിമാരിലൂടെയാണ്.... സഭകളുടെ കണക്കെടുത്താൽ, പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. എന്നിട്ടും സഹോദരിമാർക്ക് ഇന്നും അവസരങ്ങൾ ഇല്ല.. ശുശ്രൂഷാപങ്കാളിത്തമില്ല.. സ്ത്രീകളെ ശുശ്രൂഷകളിൽ പങ്കെടുപ്പിക്കുവാൻ എന്തുകൊണ്ട് നാം തയ്യാറാകുന്നില്ല. സഭയിൽ സാക്ഷ്യമുള്ള ഒരു സ്ത്രീയുടെ കയ്യിൽ ഈ തിരുവത്താഴ പാത്രം കൊടുത്താലെന്താ? ആകാശം ഇടിഞ്ഞുവീഴുമോ? കേരളത്തിൽ പെന്തക്കോസ്ത് ഉണ്ടാക്കിയ കുക്ക് സായിപ്പിനെ കൈവപ്പ് നൽകി പ്രാർത്ഥിച്ച് ഇങ്ങോട്ടയച്ചത് ഒരു സ്ത്രീ ആയിരുന്നു. പേര് മറിയ എറ്റർ. അവർ അംഗീകൃത പാസ്റ്ററായിരുന്നു. മിസ് ഈഡി എന്ന വനിതാ പാസ്റ്റർ കണ്ണൂരിൽ സ്നാന ശുശ്രൂഷകൾ നിർവ്വഹിച്ചത് ചരിത്രത്തിലുണ്ട്. പിടക്കോഴി കൂകിയാൽ നേരം വെളുക്കില്ലേ?"(വേൾഡ് ഇവാ. വീക്കിലി 1995 സെപ്റ്റംബർ)

"വ്യവസ്ഥ തെറ്റിച്ചുള്ള കൃപാവരപ്രയോഗങ്ങൾ സഭയിൽ അഭംഗുരം അനുഷ്ഠിക്കുന്നത് ചോദ്യം ചെയ്യാതെ സ്വീകരിച്ച നമ്മൾ, കാലാന്തരത്തിൽ ഊതിവീഴ്ത്തലിനും വിധേയരായി പോകുമോ?"

"ഭാഷാവരം എങ്ങനെ ഉപയോഗിക്കണം എന്ന് 1 കൊരി 14:12, 13,27,28 കാണുക." (ഗുഡ് ന്യൂസ് 1995 മെയ് 15, പേജ് 3)

ഇപ്രകാരമുള്ളമ ാനുഷികഅ ഭിപ്രായങ്ങളാൽ ദൈവിക അരുളപ്പാടുകളെ വളച്ചൊടിക്കുന്ന കാലഘട്ടത്തിൽ, ദൈവവചനം കൊണ്ടു തന്നെ ദൈവത്തിന്റെ പരിജ്ഞാനത്തിനും ആലോചനയ്ക്കും വിപരീതിമായി പൊങ്ങുന്ന എല്ലാ സങ്കല്പങ്ങളും, ഉയർച്ചയും ഇടിച്ചുകളയണം എന്നാണ് തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നത്. 2 കൊരി 10:5.

വിവിധ പേരുകളിലുള്ള കൂടിവരവുകൾ ഇന്ന് ക്രൈസ്തവ ആത്മീയ ഗോളത്തിലുണ്ട്. സഭായോഗം, സാക്ഷിയോഗം, സ്ത്രീകളുടെ യോഗം, കുട്ടികളുടെ യോഗം, ഇടയോഗം, വെളിയോഗം, മാസയോഗം, സുവിശേഷ മഹായോഗം, പരസ്യയോഗം, (മറ്റുള്ളവ രഹസ്യമല്ലതാനും) ഭവനപ്രാർത്ഥനായോഗം, ആണ്ടറുതിയോഗം, കൂടാതെ ഭവനപ്രതിഷ്ഠ, ശിശുപ്രതിഷ്ഠ, വിവാഹ-സ്നാന-സംസ്ക്കാര ശുശ്രൂഷകൾ, ഉപവാസ മുഴുരാത്രി-പാതിരാത്രി പ്രാർത്ഥനകൾ എന്നിങ്ങനെ പലതും നിലവിലുണ്ട്.

ഭാവിയിൽ പുതിയ പേരുകളിൽ വേറെയും ഉണ്ടായേക്കാം... ഇവിടെയൊക്കെ സ്ത്രീകൾക്ക് എന്തെല്ലാം ശുശ്രൂഷകൾ ചെയ്യുവാൻ കഴിയും?

ആത്മീക വർദ്ധനവിനായും, ദൈവനാമമഹത്വത്തിനായും ഇപ്രകാരമുള്ള കൂട്ടങ്ങൾ നല്ലതു തന്നെ. ഇവയെല്ലാം സംഗ്രഹിച്ചുകൊണ്ട് തിരുവചനത്തിൽ രണ്ട് പദങ്ങൾ നാം വായിക്കുന്നു. ഒന്ന് - വിശുദ്ധന്മാരുടെ സർവ്വസഭകൾ(1 കൊരി 14:34). രണ്ട്-സഭായോഗങ്ങൾ (എബ്രാ. 10:24). കൂടാതെ മൂപ്പന്മാർ കൂടിവന്നു എന്നും കാണുന്നുണ്ട് (അ. പ്രവൃ 20:17). മേൽപ്പറഞ്ഞ രണ്ട് കൂട്ടങ്ങളിൽ, സ്ത്രീകൾക്കുള്ള ശുശ്രൂഷകളുടെ ചട്ട

ങ്ങളും, പ്രമാണങ്ങളും, വിലക്കുകളും ശേഷമുള്ള എല്ലാവയ്ക്കും ബാധകം എന്ന് വ്യക്തമാണ്. അഥവാ, നേതൃത്വശുശ്രൂഷകൾ അനുവദനീയം അല്ല എന്ന് സാരം.

"…. സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ…. സംസാരിപ്പാൻ അവർക്ക് അനുവാദമില്ല." 1 കൊരി 14:34, 35 എങ്കിൽ ഭാഷാവരം നിലനിന്ന കാലത്തും സ്ത്രീകൾക്ക് അനുവാദമില്ലായിരുന്നു. ഇത് കർത്താവിന്റെ കല്പന എന്നത്രേ പൗലോസ് എഴുതിയിരിക്കുന്നത്. ആത്മീകൻ അത് അംഗീകരിക്കണം. (ജഡികൻ അത് അംഗീകരിക്കണമെന്നില്ല)

സ്ത്രീകൾ സഭയിൽ ചിലയ്ക്കുന്നതിനാൽ (Chatter, Gossip) അപ്പൊസ്തലൻ വിലക്കി എന്ന് വേറൊരു പക്ഷം, അങ്ങനെയെങ്കിൽ പുരുഷന്മാർക്ക് ചിലയ്ക്കാൻ പരിശുദ്ധാത്മാവ് അനുവാദം നൽകിയിരുന്നു എന്ന് ചിന്തിക്കേണ്ടിവരും. മാത്രമല്ല സ്ത്രീ സംസാരിക്കുന്നത് വിലക്കരുത്, ചിലയ്ക്കുന്നത് വിലക്കണം എന്നും ദൈവാത്മാവിന് തോന്നലുണ്ടായാൽ അതും മുഖപക്ഷമാണ്. മുഖപക്ഷം കാണിക്കുന്നവർ പാപം ചെയ്യുന്നു. (യാക്കോ 2:9).

ആകയാൽ പുരുഷന്മാർ 'എല്ലായിടത്തും" എല്ലാ കൂടിവരവുകളിലും പ്രാർത്ഥിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു. 1 തിമോ. 2:8 പുരുഷന്മാർ പരസ്യമായും സ്ത്രീകൾ രഹസ്യമായും. സഭായോഗത്തിലെ പ്രാർത്ഥനയിലും ആരാധനയിലും സ്ത്രീക്ക് പങ്കില്ല എന്ന് ചിന്തിക്കാമോ? അങ്ങനെ വചനം പറയുന്നില്ല, ആരാധന സ്തുതി – സ്തോത്ര ഗാനങ്ങൾ പാടുമ്പോൾ ആമേൻ പറയുമ്പോൾ.. അതൊന്നും നേതൃത്വ ശുശ്രൂഷ ആകുന്നില്ല. എന്നാൽ, ഒരു പുരുഷൻ പ്രാർത്ഥിക്കുമ്പോൾ, സഭയെ പ്രാർത്ഥനയിൽ നയിക്കുകയും എല്ലാവരും ഒടുവിൽ ആമേൻ പറയുകയും ചെയ്യുന്നു. **ആകയാൽ മിശ്രസമൂഹത്തിൽ കേൾക്കത്തക്കരീതിയിൽ പ്രാർത്ഥിക്കുവാൻസ ്ത്രീകളെവ ചനംഅ നുവദിക്കുന്നില്ല എന്നു വ്യക്തമാണ്.** ഹൃദയത്തിൽ പ്രാർത്ഥിക്കുന്നതിന് വിലക്കില്ല താനും. 1 കൊരി. 11:5 പ്രകാരം , മൂടുപടം ധരിച്ചാൽ പ്രാർത്ഥിക്കുന്നതിന് വിലക്കില്ല എന്ന് ചിന്തിക്കുന്നവരുണ്ട്. (By W. Wiersbe) വിധേയത്വത്തിന്റെ അടയാളം (Sign of subjection) ഏറ്റുകൊണ്ട്, നായകത്വത്തിന്റെ ശുശ്രൂഷ (Ministry of headship) ചെയ്യുവാൻ വചനം അനുവദിക്കുന്നു എന്ന് ചിന്തിക്കുന്നത് ഭോഷത്വമാണ്. പുതിയ നിയമത്തിൽ മൂടുപടം നീങ്ങിയ ശുശ്രൂഷയാണ് യേശുക്രിസ്തു മുഖാന്തിരം നമുക്ക് ലഭിച്ചിരിക്കുന്നത്. 2 കൊരി 3:14, 16, 17 പുതിയ നിയമത്തിൽ പുരുഷനും സ്ത്രീയും രാജകീയ പുരോഹിത വർഗ്ഗമാണ്. എങ്കിലും സ്ത്രീ മൂടുപടം ധരിച്ചേ പ്രാർത്ഥിക്കാവൂ. എവിടെ? പരസ്യസ്ഥലത്തല്ല, വ്യക്തിപരമായും, രഹസ്യ പ്രാർത്ഥനാ സമയത്തും. പ്രാർത്ഥിക്കുമ്പോൾ മാത്രം തല മൂടിയാൽ മതി, മൗനമായിരിക്കുമ്പോൾ വേണ്ട എന്ന് ചിന്തിക്കുന്നതും ഗുരുതരമായ തെറ്റാണ്. വിവാഹം മുതലായ ആത്മീയ ശുശ്രൂഷകളിലും രക്ഷിക്കപ്പെട്ട സ്ത്രീകൾ വിധേയത്വത്തിന്റെ അടയാളമായി തലമൂടണം എന്ന പ്രമാണം അനുസരിക്കണം. അതേ പ്രമാണപ്രകാരം സ്ത്രീകൾ ഗാനങ്ങൾക്ക് ലീഡ് ചെയ്യുന്നതും വചനവിരുദ്ധമാണ്. സാക്ഷ്യം പരസ്യമായി പറയാമോ എന്നതിനെക്കുറിച്ച് വ്യക്തമായ പരാമർശമില്ല. എങ്കിലും ലഭ്യമായ വെളിച്ചത്തിൽ സഭയുടെ മുഴുവനായ സാക്ഷ്യം പറയുവാൻ പാടില്ല, അനുവാദമില്ല, നിശ്ചയം. എന്നാൽ വ്യക്തിപരമായ പ്രാർത്ഥനാ വിഷയങ്ങളും, ദൈവിക കരുതലും, പ്രവർത്തനങ്ങളും അറിയിക്കുവാൻ കഴിയും. എന്നാൽ ഈ സ്വാതന്ത്ര്യം ദുർവിനിയോഗത്തിന് സാദ്ധ്യത ഏറും. സാക്ഷ്യം ഉപദേശമായി മാറരുത് എന്ന് ശ്രദ്ധിക്കണം. ഈ വിഷയം സംബന്ധിച്ച് ആദരണീയനായ ബ്രദറൺ ഉപദേഷ്ടാവ് W. Mac Donald രേഖപ്പെടുത്തിയിരിക്കുന്നത് അതേ നിലയിൽ ചുവടെ ചേർക്കുന്നു.

Q : Does not the instruction for women to keep silence in the church merely prohibit their chattering or gossiping while the service is in progress?

Ans : The world translated "speak" here never has the meaning of "chatter" or "babble" in the New Teastament..

Many question arise, such as whether it is right for women to give a testimony in public, to give an account of their missionary work, to sing a solo. Where individual cases are not specifically dealt with in the Bible, then the general principles of the word must be allowed to decide.

Thus in any doubtful situation we should ask

1 Does this constitute a usurping of authority over the man?

2. Is women taking a place of leadership?

3. Is she teaching the word to men?

Since these things are prohibited, we should avoid anything that might constitute and infringement of the spirit of these teaching of the word, where His word has been ignored or

ശേഷം പേജ് 15 ▶

വേർപാട് സത്യങ്ങൾക്കു വേണ്ടിയും വേർപാട് സഭകളുടെ നന്മയ്ക്കു വേണ്ടിയും നിലകൊണ്ടവരെയും നിലകൊള്ളുന്നവരെയും പരിചയപ്പെടുത്തുന്ന പംക്തി. വേർപാട് സത്യങ്ങൾക്കും സഭകൾക്കും വേണ്ടി നിലകൊണ്ട പിതാക്കന്മാരെക്കുറിച്ച് അറിവുള്ളവർ അവരുടെ ജീവചരിത്രവും അവർ ചെയ്ത സംഭാവനകളും അയച്ചു തന്നാൽ പ്രസിദ്ധീകരിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. നമ്മുടെ യുവ തലമുറ വേർപാടിന്റെ മഹത്വം മനസ്സിലാക്കാൻ അത് ഉപകരിക്കുമല്ലോ.

# ബി. ബി. ഐ – യുടെ സ്വന്തം ശമുവേലച്ചായൻ




**പ**ത്തനംതിട്ടയിലുള്ള സുവിശേഷാലയത്തിൽ ചെല്ലുന്നവരെ ആദ്യം എതിരേല്ക്കുന്ന വ്യക്തിയാണ് സഹോ. സി.എ. ശമുവേൽ. ഓഫീസിൽ അക്കൗണ്ടന്റായി പ്രവർത്തിക്കുന്ന ഇദ്ദേഹത്തിന്റെ പുഞ്ചിരി തൂകുന്ന മുഖം മറക്കുവാൻ അവിടം സന്ദർശിച്ചിട്ടുള്ള ആർക്കും കഴിയുകയില്ല. ബി.ബി. ഐയുടെ പ്രവർത്തനം ഇലന്തൂരിലേക്ക് മാറിയെങ്കിലും സുവിശേഷാലയത്തിൽ പുഞ്ചിരിയുടെ നിറസാന്നിദ്ധ്യമായി ഈ കർത്തൃദാസനുണ്ട്. രക്താർബുദത്താൽ ഭാരപ്പെടുന്ന പ്രിയ സഹോദരനെ വർഷങ്ങൾക്കു ശേഷം കണ്ടുമുട്ടിയപ്പോൾ ആ ദൈവദാസനെ വേർപാടു സമൂഹത്തിന് പരിചയപ്പെടുത്തണമെന്ന പ്രേരണ ഞങ്ങൾക്കുണ്ടായി.

കടമ്മനിട്ട ഉഴത്തിൽ അബ്രഹാമിന്റെയും ഏലിയാമ്മയുടെയും മകനായി 1941 ജൂൺ 3 നു ശമുവേൽ സഹോദരൻ ജനിച്ചു. സണ്ടേസ്ക്കൂളിൽ പഠിക്കുമ്പോൾ രക്ഷിക്കപ്പെട്ട ഇദ്ദേഹം 1975 ൽ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. പഠനത്തിനു ശേഷം 10 വർഷത്തോളം ബഹറിനിൽ ജോലി ചെയ്തു. കുറിയന്നൂർ സഭാംഗമായിരുന്ന മാത്യു- തങ്കമ്മ ദമ്പതികളുടെ മകൾ ബെറ്റിയാണ് ഭാര്യ. ദൈവം ഇവർക്കു 4 മക്കളെയും (മനു, മനോജ്, മധു, മജു) 3 കൊച്ചുമക്കളെയും ദാനമായി നൽകി.

1989 –ൽ ബി.ബി.ഐ. ആരംഭിച്ച വർഷം തന്നെ താൻ അക്കൗണ്ടന്റായി ശുശ്രൂഷ ആരംഭിച്ചു. ഒരു ഓൾ റൗണ്ടർ ജോലിയായിരുന്നു താൻ ബി.ബി.ഐ.-യിൽ ചെയ്തിരുന്നത്. സുവിശേഷാലയ പ്രവർത്തനങ്ങളെയും ബി.ബി.ഐ പ്രവർത്തനങ്ങളെയും അടുത്തറിഞ്ഞ ഈ കർത്തൃദാസൻ ശുശ്രൂഷകരോട് ചേർന്നു പ്രവർത്തിച്ചു. തന്നെ അടുത്തറിയുവാൻ ഞങ്ങൾക്കും ഭാഗ്യം ലഭിച്ചിട്ടുണ്ട്.

ചില മാസങ്ങളായി കലശലായ ചുമ ബാധിച്ച സഹോദരനെ വിദഗ്ദ്ധ പരിശോധനയ്ക്കു വിധേയനാക്കിയപ്പോൾ രക്താർബുദമാണെന്നു ഡോക്ടർമാർ സ്ഥിരീകരിച്ചു. ഇപ്പോൾ ചികിത്സയിലായിരിക്കുന്ന സഹോദരൻ ക്ഷീണിതനുമാണ്. എങ്കിലും എല്ലാ ദിവസവും താൻ സുവിശേഷാലയത്തിലെത്തുന്നു. രോഗബാധയെക്കുറിച്ചറിഞ്ഞ ഞങ്ങൾ അദ്ദേഹത്തെ കാണുവാൻ ചെല്ലുമ്പോൾ വലിയൊരു കെട്ടിട സമുച്ചയത്തിൽ ഏകനായിരുന്നു കണക്കു കുറിക്കുകയായിരുന്നു. ഞങ്ങളെ കണ്ടപ്പോൾ 15 വർഷം മുമ്പ് കണ്ട അതേ ചുറുചുറുക്കോടും പുഞ്ചിരിയോടും കൂടെ ഞങ്ങളെ ആശ്ലേഷിച്ചു. രോഗബാധിതനെങ്കിലും സുവിശേഷാലയത്തോടു ചേർന്നുള്ള ആത്മീക പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ ലഭിച്ച അവസരത്തിൽ താൻ സന്തുഷ്ടനാണ്.

ഇത്രയും വലിയ രോഗത്താൽ ഭാരപ്പെടുന്ന താൻ ഏകനായിരുന്നു ഓഫീസ് കാര്യങ്ങൾ ചെയ്യുന്നതു ഞങ്ങളിലും ദുഃഖമുളവാക്കി. എത്ര ക്ഷീണമാണെങ്കിലും സുവിശേഷാലയത്തിൽ വരുമ്പോൾ അതു മറക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. കാരണം സുവിശേഷാലയം തന്റെ ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. ഭാരിച്ച ചിലവുള്ള ചികിത്സയാണ് ഇപ്പോൾ ചെയ്യുന്നത്. ഒരു ദിവസം ആയിരത്തിലധികം രൂപയുടെ മരുന്ന് ആവശ്യമാണ്. 71 വയസ്സുള്ള ഈ പ്രിയ ദൈവദാസന്റെ വിടുതലിനായി നമുക്കു ശ്രദ്ധയോടെ പ്രാർത്ഥിക്കാം. സഹോദരന്റെ വിലാസം

C.A. Samuel, Gospel Hall, P.B. No. 46, Pathanamthitta, 689645, Tel : 0468 2224045

▶ പേജ് 2 തുടർച്ച

നടക്കേണ്ടുന്ന വഴി അവർ നശിപ്പിക്കുന്നു." (3:12 –13).

സ്ത്രീകൾ പുരുഷന്മാരേക്കാൾ പരിജ്ഞാനം കുറഞ്ഞവരായിരുന്നതിനാൽ (1 തിമൊ 2:11,12) തിരുവെഴുത്തുകളിൽ നിശ്ചയം ലഭിക്കാത്തവർ എഫെസ്യ സഭകളിൽ ഉണ്ടായിരുന്നതായും അവർ ഉപദേശവിരുദ്ധമായ കാര്യങ്ങൾ പഠിപ്പിച്ചിരുന്നതായും Kraig S. Keeper, IVP Bible Background Commentary യിൽ പറയുന്നു. ഇതിൽ നിന്നും സഭയിൽ വചനം പഠിപ്പിക്കുവാൻ ദൈവം സ്ത്രീകളെ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാകുന്നു. (1 തിമൊ. 5:13, 2 തിമൊ 3:6) അതുകൊണ്ടാണ് സ്ത്രീകൾ 'ഉപദേശിക്കരുത്, അവർ പഠിക്കട്ടെ' (1 തിമൊ 2:11) എന്നു പറയുന്നത്. പരിജ്ഞാനം ലഭിച്ച സ്ത്രീകളെക്കുറിച്ചായിരിക്കാം' ശുശ്രൂഷക്കാരത്തികൾ' എന്ന് റോമ 16:1-4, ഫിലി 4:2-3 എന്നീ ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നത്.

പുരുഷന്മാരുടെ അഭാവത്തിൽ ദൈവസഭയിലുള്ള സഹോദരിമാരെ വചനം പഠിപ്പിക്കുവാൻ പ്രാപ്തിയുള്ള അനേകം സഹോദരിമാരെ ദൈവം ആക്കിവെച്ചിട്ടുണ്ട്. എന്നാൽ ദൈവസഭയിൽ പുരുഷന്മാരുടെ സാന്നിദ്ധ്യത്തിൽ വചനം പഠിപ്പിക്കുവാൻ സ്ത്രീകൾക്ക് അനുവാദമില്ല. സ്ത്രീകൾ ബലഹീനപാത്രങ്ങളായതിനാൽ പുരുഷന്മാരെ ഉപദേശിക്കുന്നതിനും സഭയിൽ നേതൃത്വം കൊടുക്കുന്നതിനും ദൈവം അവരെ അനുവദിക്കുന്നില്ല.

സ്ത്രീകൾ സഭയിൽ സംസാരിക്കരുത് എന്ന് പറയുന്നതിൽ നിന്നും ദൈവവചനസത്യങ്ങൾ ആരോടും പറയുവാൻ അവർക്ക് അവകാശമില്ലെന്ന് അർത്ഥമില്ല. അക്വിലാവും പ്രിസ്കില്ലയും കൂടി അപ്പല്ലോസിന് ദൈവത്തിന്റെ വചനം സ്പഷ്ടമാക്കി തെളിയിച്ചുകൊടുത്തു. (അപ്പൊ 18:26). മിര്യാമിനെയും (പുറ. 15:20-21) ദെബോരയെയും (ന്യായ 4:4), ഹിൽദായെയും (2 രാജാ 22:14-22), ഹന്നയെയും (ലൂക്കോ 2:36-38) ദൈവത്തിനു വേണ്ടി സംസാരിക്കുവാനായി ചില സമയത്ത് ഉപയോഗിച്ചു. പൗലൊസിന്റെ മിഷനറി യാത്രയിൽ സിനഗോഗുകളിലും സഭകളിലും സഹോദരിമാരോടും സഹോദരന്മാരോടും തിരുവെഴുത്തുകളെ ആധാരമാക്കി പൗലോസ് അവരോടു വാദിച്ചു. (അപ്പൊ. 17:2-4) .

അവർ വല്ലതും പഠിപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ വീട്ടിൽ വെച്ചു ഭർത്താക്കന്മാരോടു ചോദിച്ചുകൊള്ളട്ടെ (1 കൊരി. 14:35) എന്ന് പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും ഭർത്താക്കന്മാർക്ക് വലിയ ഉത്തരവാദിത്വം ഉണ്ടെന്നുള്ളത് വ്യക്തമാകുന്നു. അതുകൊണ്ട് പുരുഷന്മാർ അവർക്കുവേണ്ടിയും അവരുടെ ഭാര്യമാർക്കുവേണ്ടിയും ദൈവവചനം അഭ്യസിക്കേണ്ടത് അനിവാര്യമാണ്. ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരോട് ചോദിക്കുന്ന സംശയങ്ങൾക്ക് ഉത്തരം ലഭിക്കാതിരിക്കുമ്പോൾ സഭയിലെ ഉപദേഷ്ടാക്കന്മാരോട് ചോദിക്കണം.

ദൈവത്തിന്റെമ ുമ്പാകെആ ത്മീയമായിആ ണും പെണ്ണും എന്ന വ്യത്യാസമില്ലെങ്കിലും പാപം ചെയ്ത് ദൈവതേജസ് നഷ്ടപ്പെട്ട ശരീരത്തിൽ ആയിരിക്കുന്നിടത്തോളം കാലം സ്ത്രീയും പുരുഷനും തമ്മിലുള്ള വ്യത്യാസം ഉള്ളതിനാൽ സഭയിൽ സ്ത്രീ വിധേയപ്പെട്ടിരിക്കണം. ആത്മാവ് പാപത്തിന്റെ ശക്തിയിൽ നിന്നും മോചനം നേടിയെങ്കിലും ജഡം അതിന്റെ പിടിയിലാണ് ഇപ്പോഴും. ദൈവമക്കളുടെ ശരീരത്തിന്റെ വീണ്ടെടുപ്പ് പൂർണ്ണമാകുന്നത് കർത്താവിന്റെ രണ്ടാം വരവിങ്കൽ തേജസ്ക്കരിക്കപ്പെട്ട ശരീരം ലഭിക്കുമ്പോഴാണ്. വില്യം കെല്ലി രേഖപ്പെടുത്തിയിരിക്കുന്നു. "ഇത് ഈ ഭൂമിയിലെ സ്ത്രീ-പുരുഷന്മാരുടെ പങ്കാണ്. ആണും പെണ്ണും എന്നില്ലാത്ത പുതിയ സൃഷ്ടിയിലേതല്ല. രണ്ടുകൂട്ടർക്കും പരിശുദ്ധാത്മാവ് ഉള്ളവരും ഒന്നോ രണ്ടോ ആത്മീക വരങ്ങൾ ലഭിച്ചവരുമാണ്. എല്ലാവരും സ്വർഗ്ഗത്തിൽ പോകും, ഇരുകൂട്ടരും ക്രിസ്തുവിന്റെ മണവാട്ടിയാണ്, എല്ലാവരും ക്രിസ്തുവിനോടൊപ്പം അവന്റെ കാന്തയായി വാഴുവാൻ പോകുകയാണ്."

പാപം ചെയ്തതിന്റെ മറ്റൊരു പരിണിത ഫലമാണ് കഷ്ടവും ഗർഭധാരണവും വർദ്ധിച്ചതും, സ്ത്രീ വേദനയോടെ പ്രസവിക്കുന്നതും. (ഉല്പ. 3:16). മനുഷ്യനായ ആദാം ഭാര്യയുടെ വാക്ക് അനുസരിച്ച് ദൈവത്തോട് അനുസരണക്കേട് കാണിച്ചതിനാലാണ് പുരുഷൻ നിമിത്തം ഭൂമി ശപിക്കപ്പെട്ടതും കഷ്ടതയോടെ അതിൽ നിന്നും അഹോവൃത്തി കഴിച്ച് ആയുഷ്ക്കാലമൊക്കെയും മുഖത്തെ വിയർപ്പോടെ ഉപജീവനം കഴിക്കുന്നതും.

ഗലാത്യർ 3:28 ൽ പുത്രത്വത്തിന്റെ കാര്യവും ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തെക്കുറിച്ചും അനുഗ്രഹത്തെക്കുറിച്ചുമാണ് പ്രസ്താവിച്ചിരിക്കുന്നത്. ക്രിസ്തുവിൽ കൂടി ലഭിച്ച അനുഗ്രഹങ്ങളായതിനാൽ അവിടെ ലിംഗഭേദമില്ല. ക്രിസ്തുവിൽ എല്ലാവരും ഒന്നത്രേ (എഫെ. 1:13). എന്നാൽ 1 കൊരിന്ത്യർ 11 ൽ പരാമർശിച്ചിരിക്കുന്നത് സഭയിലെ കാര്യമാണ്. സഭയിൽ ആണും പെണ്ണുമുണ്ട്. അല്ലെങ്കിൽ ഭവനത്തിൽ ഭാര്യമാർ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കുവാൻ കല്പിച്ചിരിക്കുന്നത് അർത്ഥശൂന്യമാണ്. (തീത്തോ. 2:5, കൊലൊ. 3:18, 1 പത്രൊ. 3:1, എഫെ. 5:22, ഉല്പ 3:16). ദൈവമാണ് വിവാഹബന്ധത്തിൽ ഭർത്താവിന് ഭാര്യയുടെ മേൽ അധികാരം കൊടുത്തിരിക്കുന്നത്. ദൈവം തന്നെയാണ് വിവാഹബന്ധം സ്ഥാപിച്ചതും (ഉല്പ. 2:23-24). അതുകൊണ്ട് ദൈവത്തിന്റെ നിയമം നാം അനുസരിക്കുവാൻ ബാധ്യസ്ഥരാണ്.

*(തുടരും)*

# പുറപ്പാട് പുസ്തകം




ബൈബിളിലെ രണ്ടാമത്തെ പുസ്തകം. യിസ്രായേൽ ജനം മിസ്രയിമീൽ നിന്നും പുറപ്പെട്ടു പോകുന്നതിന്റെ ചരിത്രവിവരണം നൽകുന്നതിനാൽ പുറപ്പാട് എന്ന പേര് നൽകിയിരിക്കുന്നു. ഈ പുസ്തകം മൂന്നു വിഷയങ്ങളാണ് പ്രധാനമായും കൈകാര്യം ചെയ്യുന്നത്.

1. മോശയുടെ ജനനവും ജീവിതവും
2. മോശയും യഹോവയും സീനായ് മലയിൽ
3. നിയമ പെട്ടകം, സമാഗമനകൂടാരം, ആരാധനാക്രമം

**എഴുതിയത്** - മോശെ

**കാലയളവ്** - ഏകദേശം 1441 ബി.സി.

**എഴുതിയ ഭാഷ** - എബ്രായ

**തീം** - വിടുതൽ , പുറപ്പാട്

**പ്രധാന സന്ദേശങ്ങൾ**

1. അടിമത്വത്തിൽ നിന്നുള്ള വിടുതൽ
2. പാപത്തിൽ നിന്നുള്ള വിടുതൽ

**പ്രധാന വാക്യങ്ങൾ**

പുറ . 1:8, 2:24: 25, 12:27, 20: 2-3

**പ്രധാന വ്യക്തികൾ**

മോശെ, ഫറവോന്റെ പുത്രി, ഫറവോൻ, മിര്യാം, അഹരോൻ, യിത്രോ, യോശുവ

**പ്രധാന വിഷയങ്ങൾ**

വിടുതൽ, ന്യായപ്രമാണം, ആരാധന

**രേഖാരൂപം**

1. യിസ്രായേൽ മിസ്രയീൽ 1:1-22
2. മോശ എന്ന നേതാവ് 2:1-4 :31
3. അടിമത്വത്തിൽ നിന്നുള്ള വിടുതൽ 5:1-18:27
4. ന്യായപ്രമാണം 19:1-31:18
5. പരാജയവും യഥാസ്ഥാപനവും 32:1-40:38

ദൈവം ഒരു ജനത്തെ പ്രത്യേകമായി തിരഞ്ഞെടുക്കുന്നതും അവരെ കരുതുന്നതുമായ വിധങ്ങൾ വിവരിക്കുന്നു. തന്റെ ജനത്തെക്കുറിച്ചു ദൈവം എന്ത് ആഗ്രഹിക്കുന്നു എന്നും അവരുമായി ദൈവം ചെയ്യുന്ന വ്യവസ്ഥകളും പ്രതിപാദിക്കുന്നു. ●

▶ പേജ് 11 തുടർച്ച

willfully violated, strife and disorder have ensured..

അതേ, സ്ത്രീകളുടെ നേതൃത്വശുശ്രൂഷ പരിമിതികളെക്കുറിച്ച് പലവിധ സംശയങ്ങൾ, ചോദ്യങ്ങൾ ഉണ്ടാകാം. വ്യക്തമായ തീരുമാനം എടുക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ, താഴെ പറയുന്ന മൂന്നു കാര്യങ്ങൾ പരിശോധിക്കുന്നത് സംശയനിവാരണത്തിന് ഉപകരിക്കും.

1. ഒരു സമ്മിശ്രകൂടിവരവിൽ സ്ത്രീകൾ ശുശ്രൂഷകൾ ചെയ്യുന്നത് ഏതെങ്കിലും നിലയിൽ പുരുഷന്റെ അവകാശത്തിന്മേലുള്ള കടന്നുകയറ്റം ആകുമോ? പുരുഷന്റെ ശുശ്രൂഷ സ്ഥാനം അപഹരിച്ചെടുക്കുവാൻ ഉള്ള വിദൂര സാധ്യത എങ്കിലും ഉണ്ടോ?

2. സ്ത്രീകൾ നേതൃസ്ഥാനം എടുക്കുന്നു എന്ന് ചിന്തിക്കാവുന്ന ശുശ്രൂഷ ആണോ ഇത്?

3. പുരുഷന്മാരോട് വചനം ഉപദേശിക്കയോ, പഠിപ്പിക്കുകയോ ചെയ്യുന്ന ധ്വനി ഉണ്ടാകുമോ?

ഇപ്രകാരമുള്ള കാര്യങ്ങൾ വചനം വിലക്കിയിരിക്കുകയാൽ,( പസ്തുതസ തൃങ്ങൾ‌ വളിപ്പെടുത്തി തന്ന ദൈവാത്മാവിന്റെ അധികാരത്തെ ലംഘിക്കുന്ന സമ്പ്രദായങ്ങൾ നാം ഒഴിവാക്കണം. എവിടെയെല്ലാം ദൈവവചനപൊരുൾ അവഗണിക്കപ്പെട്ടിട്ടുണ്ടോ? അവിടെയെല്ലാം ഭിന്നതയും ക്രമക്കേടുകളും പെരുകിയിട്ടുണ്ട്. ●




## പുറപ്പാട്

1. സ്വന്തം സഹോദരന്മാരെയും സ്നേഹിതന്മാരെയും വാൾ കൊണ്ട് വെട്ടി കൊന്നിട്ട് ഒരു ശിക്ഷയും കിട്ടാത്തത് ആർക്ക്?
2. ഒരു വെറും മനുഷ്യനെ ദൈവം ഒരു ചക്രവർത്തിയുടെ ദൈവമാക്കി. ആരെയാണ്?
3. ദൈവത്തെ കണ്ട് ഭക്ഷണപാനീയങ്ങൾ കഴിച്ചവർ ആര്?
4. എന്തുകൊണ്ടാണ് താമ്രതൊട്ടിയുണ്ടാക്കിയത്? അത് എവിടെ നിന്നാണ് ലഭിച്ചത് ?
5. വേദപുസ്തകത്തിൽ ആദ്യമായി അധികാരവിഭജനം (Social Hierarchy) എന്ന ആശയം കൊണ്ടുവന്ന വ്യക്തി ആര്?
6. 'ഇത് ദൈവത്തിന്റെ വിരൽ'. ആര് ആരോട് പറഞ്ഞു?
7. യവം കതിരായും ചണം പൂത്തും ഇരുന്നതെവിടെ?
8. ന്യായവിധിപ്പതക്കത്തിന് വെച്ചിരിക്കുന്ന വസ്തുക്കൾ എന്ത്? ആര് ധരിക്കേണം? എവിടെ ധരിക്കേണം എപ്പോൾ ധരിക്കേണം.?
9. പിറുപ്പിറുപ്പ് എല്ലാം ആരുടെ നേരെയാണ്?
10. കാഴ്ചയുള്ളവരെ കുരുടാക്കയും നീതിമാന്മാരുടെ വാക്കുകളെ മറിച്ച് കളയുകയും ചെയ്യുന്നതെന്ത്?
11. ഗോമേദകല്ലിൽ (ഓർമ്മക്കല്ല്) എന്താണ് എഴുതിയിരിക്കുന്നത്? അത് എവിടെയാണ് വച്ചിരിക്കുന്നത്?
12. യിസ്രായേൽ മക്കളുടെ എണ്ണം അറിയുവാൻ എന്ത് ചെയ്യേണം.?

**ഈ ക്വിസിൽ ആർക്കും ചേരാം. ശരിയുത്തരം എല്ലാ മാസവും 25 നു മുമ്പ് ലഭിക്കും വിധം അയക്കുക. ഉത്തരകടലാസിൽ പേര്, വയസ്, തൊഴിൽ, സ്ഥലം സഭ തുടങ്ങിയ വിവരങ്ങൾ ചേർക്കണം. ഓരോ ലക്കവും ഓരോ പുസ്തകത്തിൽ നിന്നുമുള്ള ചോദ്യങ്ങൾ നൽകുന്നു. ഉത്തരങ്ങൾക്കൊപ്പം റഫറൻസ് കൂടി നൽകുക. 12 മാസവും തുടർച്ചയായി ശരിയുത്തരം അയക്കുന്നവർക്കു സമ്മാനങ്ങൾ നൽകുന്നതാണ്.**

**Quiz Master**

**അയയ്ക്കേണ്ട വിലാസം** : Anand villa,143, Maveli Nagar
Cochin University P.O.,
Ernakulam 682 022

▶ പേജ് 4 തുടർച്ച

ഈ ആവശ്യം വളരെ ചെറിയതു എന്നു തോന്നുമെങ്കിലും അതിന്നു പിന്നിലെ ഗൂഢലക്ഷ്യം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നവയാണ്. ഒന്നാമതായി, ഈ പ്രസ്താവനയിലൂടെ അവർ ബൈബിളിന്റെ അപ്രമാദിത്വത്തെയും അബദ്ധരാഹിത്യത്തെയും ചോദ്യം ചെയ്യുന്നു. രണ്ടാമതായി, സഭാ കൂടിവരവുകളിൽ സ്ത്രീകൾക്ക് വായ് തുറക്കാനുള്ള അവസരം ഉണ്ടാക്കിയെടുക്കുകയും ക്രമേണ സഭയെ സ്ത്രീകളുടെ കൈക്കീഴിൽ കൊണ്ടുവരികയും ചെയ്യുക എന്നതാണ്. ഈ രഹസ്യ അജണ്ട വാതിൽ തുറക്കുന്നതു ഭാവിയിൽ ക്രിസ്തീയ സമൂഹത്തെ അടക്കി വാഴാൻ പോകുന്ന വേശ്യകളുടെ മാതാവായ മഹതിയാം ബാബിലോണിലേക്കാണ്. സഭകളിൽ ശുശ്രൂഷ ചെയ്യാൻ സ്ത്രീകളെ അനുവദിച്ച സഭാ വിഭാഗങ്ങളിൽ പുരുഷന്മാരെ ഉപദേശിക്കുകയും നയിക്കുകയും ചെയ്യുന്ന സ്ത്രീകളാണുള്ളത്. ക്രമേണ അവർ ദുരാത്മാവിന്റെ ആലോചനകളും, ജാതീയ ആചാരങ്ങളും തത്വശാസ്ത്രങ്ങളും സഭയിൽ അടിച്ചേൽപ്പിക്കുകയും ചെയ്യുന്നു.

ഏദനിൽ വെച്ച് നിങ്ങൾ മരിക്കയില്ല നിശ്ചയം എന്നു സാത്താൻ പറഞ്ഞതു പച്ചക്കള്ളവും അർദ്ധസത്യവുമായിരുന്നു. ദൈവകല്പനയെ തകിടം മറിച്ച് തനിക്ക് പാതയൊരുക്കുക എന്നതായിരുന്നു സാത്താന്റെ പദ്ധതി. സഭാ കൂടിവരവുകളിൽ സ്ത്രീകൾക്കു സംസാര സ്വാതന്ത്ര്യം അനുവദിക്കണമെന്ന ആവശ്യം സഭകളിലേക്ക് നുഴഞ്ഞു കയറാനുള്ള പൈശാചിക തന്ത്രമാണ്. ഇതു മനസ്സിലാക്കി വേർപാടുകാരായ നാം വചനത്തിനു കീഴ്പ്പെടുകയും സാത്താനെ ചെറുക്കുകയും വേണം. ●

# ജി.ജി.എഫ്. സുവിശേഷ സമ്മേളനം



**സുവിശേഷസമ്മളനത്തിൽ സഹോ. ഇ.ജെ. പൈലി അദ്ധ്യക്ഷപ്രസംഗം നടത്തുന്നു.**

**അങ്കമാലി :** ജനറൽ ഗോസ്പൽ ഫണ്ടിന്റെ ചുമതലയിൽ 2012 മാർച്ച് 16 നു രാവിലെ 10 മുതൽ വൈകിട്ട് 4.30 വരെ അങ്കമാലി പടിഞ്ഞാറേ സഭാഹാളിൽ വെച്ച് സുവിശേഷ പ്രവർത്തകന്മാരുടെ സമ്മേളനം നടന്നു. തൃശ്ശൂർ, എറണാകുളം, ഇടുക്കി ജില്ലകളിലെ സുവിശേഷകന്മാർക്കായി സംഘടിപ്പിച്ച സമ്മേളനത്തിൽ 170ലധികം സുവിശേഷകന്മാർ പങ്കെടുത്തു. സമ്മേളനത്തിൽ സഹോ. ഇ.ജെ. പൈലി അധ്യക്ഷത വഹിച്ചു. ദൈവത്തിന്റെ അംബാസഡർമാരെന്ന നിലയിൽ മഹത്വമാർന്ന സ്ഥാനമാണ് സുവിശേഷകന്മാർക്കുള്ളതെന്നും ആ നിലയ്ക്കൊത്ത് ഉയരുവാൻ സുവിശേഷകന്മാർ ശ്രദ്ധിക്കണമെന്നും അദ്ദേഹം അദ്ധ്യക്ഷപ്രസംഗത്തിൽ ഓർപ്പിച്ചു. സുവിശേഷകന്മാർ സഭയുമായി സജീവ ബന്ധം പുലർത്തണമെന്നും പ്രവർത്തനവിവരങ്ങൾ സഭയിൽ പങ്കുവയ്ക്കുന്നവരായിരിക്കണമെന്നും അ.പ്ര. 14:26 ഉദ്ധരിച്ചുകൊണ്ട് പ്രബോധിപ്പിച്ചു. സുവിശേഷകന്മാർ സ്ഥലം സഭകൾ സന്ദർശിക്കുന്നതു അഭികാമ്യമായ കാര്യമാണെങ്കിലും മുൻകൂട്ടി അറിയിക്കാതെ ഞായറാഴ്ച രാവിലെ സഭകളിലേക്കു കടന്നു ചെല്ലുന്ന പ്രവണത നല്ലതല്ലെന്നും അദ്ദേഹം പറഞ്ഞു. സഭാശുശ്രൂഷകളുടെ സുഗമമായ നടത്തിപ്പിനു തടസം വരാതിരിക്കേണ്ടതിന് ഒരാഴ്ച മുമ്പെങ്കിലും താൻ സന്ദർശിക്കുന്ന സഭയിലെ ഉത്തരവാദിത്തപ്പെട്ടവരെ വിവരം അറിയിക്കുന്നതു നല്ല ഒരു മാതൃകയായി സ്വീകരിക്കണമെന്നും അദ്ദേഹം ഓർപ്പിച്ചു. സുവിശേഷീകരണത്തിൽ വചനാനുസൃതമായ ദർശനത്തോടും സമർപ്പണത്തോടും ചുവടുകൾ വെച്ചാൽ മാത്രമേ സ്ഥലം സഭകൾക്ക് വർദ്ധനവുണ്ടാവുകയുള്ളൂ എന്നദ്ദേഹം ഓർപ്പിച്ചു. തുടർന്നു സുവിശേഷകന്മാർ സാക്ഷ്യം പങ്കുവച്ചു. സഹോ. ഇ.പി. ശാമുവേൽ നന്ദി പറഞ്ഞു. സഹോ. പി.ജെ. ആന്റണിയുടെ പ്രാർത്ഥനയോടെ യോഗം പര്യവസാനിച്ചു.











**സുവിശേഷസമ്മളനത്തിൽ സാക്ഷ്യം പങ്കുവച്ചവരിൽ ചിലർ**

If Undelivered Please return to

LOGOS BHAVAN
Maneed P.O.
Ernakulam 686726
Kerala

PRINTED MATTER

TO.




**This Publication is owned by**
**Dr. Saneesh Cherian and Printed at**
**Maptho Printings, Kalamassery**
**for Brethren Research Group**